തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

കേരള സർക്കാർ

LSGD
തദ്ദേശ
സ്വയംഭരണ
വകുപ്പ്

# തദ്ദേശകം

ജൂൺ 2025 പുസ്തകം 1 ലക്കം 5



## ഹരിതം കേരളം

### കാർബൺ സന്തുലിത കേരളത്തിലേക്ക്

LSGD SUSTAINABLE DEVELOPMENT GOALS തദ്ദേശ സ്വയംഭരണ വകുപ്പ്,
കേരള സർക്കാർ

# Green Riders

## ഇലക്ട്രിക്ക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാം

**2025 ജൂൺ 05**

**അന്താരാഷ്ട്ര പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച്**

**കാർബൺ എമിഷന്റെ അളവ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പ് സംഘടിപ്പിക്കുന്ന**

# #GreenKeralaRide2025

**ഇലക്ട്രിക്ക് വാഹനങ്ങളുടെ ഉപയോഗം ശീലമാക്കിയ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ജീവനക്കാർ**



തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# തദ്ദേശകം

ജൂൺ 2025 പുസ്തകം 1 ലക്കം 5

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

*ചെയർമാൻ*
**എം.ബി. രാജേഷ്**
തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി

*കൺവീനർ*
**ഡോ. ചിത്ര എസ്. ഐ.എ.എസ്**
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ.

*അംഗങ്ങൾ*
**പുനിത് കുമാർ ഐ.എ.എസ്**
അഡീഷണൽ ചീഫ് സെക്രട്ടറി, ത.സ്വ.ഭ.വ
**ഡോ. ദിനേശൻ ചെറുവാട്ട് ഐ.എ.എസ്**
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)
**സൂരജ് ഷാജി. ഐ.എ.എസ്**
ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ)
**എ. നിസാമുദ്ദീൻ. ഐ.എ.എസ്**
ഡയറക്ടർ, കില

**ഷിജി ഇ ചന്ദ്രൻ**
ചീഫ് ടൗൺ പ്ലാനർ

**സന്ദീപ്. കെ.ജി**
ചീഫ് എൻജിനീയർ

**എം.പി. അജിത്കുമാർ**
അഡീഷണൽ ഡയറക്ടർ

**കെ.എം. ഉഷ**
പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ബി.പി. മുരളി**
പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ

**കെ.ജി. രാജേശ്വരി**
ചെയർപേഴ്സൺ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചേംബർ

**എം. കൃഷ്ണദാസ്**
ചെയർമാൻ, ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ

**അനിൽകുമാർ. എം**
പ്രസിഡന്റ്, മേയേർസ് കൗൺസിൽ സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

*എഡിറ്റർ*
**ദീപ. കെ.**
*ചീഫ് ഓഫീസർ,*
കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ്

*അസിസ്റ്റന്റ് എഡിറ്റർ*
**ദിനിൽ ആർ.**
സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ,

*സർക്കുലേഷൻ മാനേജർ*
**ജയപ്രകാശ്. കെ**
അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

*കവർ & ലേ-ഔട്ട്*
**ദീപക് മൗത്താട്ടിൽ**

*ഓഫീസ്*
കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ്
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ. പി.ഒ. തിരുവനന്തപുരം-03
ഫോൺ- 0471 2317262

ribkerala@gmail.com
lsgdpr2024@gmail.com

## എഡിറ്റോറിയൽ

വരും തലമുറകൾക്കായി പ്രകൃതിയെ കാത്തുവെക്കാൻ സർക്കാർ നടത്തിയ ഇടപെടലുകൾ ശ്രദ്ധേയമാണ്. മണ്ണും ജലവും വായുവും മലിനമാകാതെ സംരക്ഷിക്കുന്നതോടൊപ്പം കൃഷിയിലും ജലലഭ്യതയിലും സ്വയംപര്യാപ്തത നേടാനുള്ള വ്യത്യസ്തമായ പ്രവർത്തനങ്ങളും സർക്കാർ നടത്തിയിട്ടുണ്ട്. കഴിഞ്ഞ ഒമ്പത് വർഷത്തിനിടെ നടന്ന അത്തരത്തിലുള്ള ചില പ്രവർത്തനങ്ങൾ ഈ ലക്കത്തിൽ വായിക്കാം.

നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ ഏഴ് ജില്ലകളിലായി 525 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. കേരളത്തിലെ വിവിധ നീർത്തട പ്രദേശങ്ങളിൽ ആവശ്യമായ മണ്ണ് സംരക്ഷണത്തിനും വികസന പ്രവർത്തനത്തിനും നീരുറവ് പദ്ധതി ഇതിനകം നടപ്പാക്കി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും സംയുക്തമായാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി പ്രാവർത്തികമാക്കിയത്.

ജലസുരക്ഷ എന്ന ലക്ഷ്യത്തോടെ ജലബജറ്റ് പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. ജലബജറ്റിൽ കണ്ടെത്തുന്ന പ്രശ്നങ്ങളെ അടിസ്ഥാനമാക്കി ജലസുരക്ഷ പ്ലാനുകൾ തയ്യാറാക്കാനുള്ള പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്ഥാപന തലത്തിൽ ജലബജറ്റ് തയ്യാറാക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം.

ഉപയോഗ ശൂന്യമായ പാറ ക്വാറികളിലെ വെള്ളം കൃഷിക്കായി പുനരുപയോഗം ചെയ്യുന്ന പ്രവർത്തനങ്ങൾക്കായി ഹരിത തീർത്ഥം പദ്ധതിയും ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. കൊല്ലം, തൃശൂർ, കണ്ണൂർ ജില്ലകളിൽ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പദ്ധതി ആദ്യമായി ആരംഭിച്ച കരീപ്ര പഞ്ചായത്തിൽ വേനൽക്കാലത്തും ജല സമൃദ്ധി ഉറപ്പാക്കാൻ ഇതു വഴി കഴിഞ്ഞിട്ടുണ്ട്.

പശ്ചിമഘട്ടത്തിന്റെ സുരക്ഷയ്ക്കായി മേഖലയിലെ സ്വാഭാവിക നീർച്ചാലുകൾ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളും തുടരുന്നു. ശാസ്ത്രീയ നീർച്ചാൽ മാപ്പിങ് നടത്തി നീർച്ചാലുകൾ വീണ്ടെടുക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ഇതിനെല്ലാം പുറമെയാണ് സംസ്ഥാനത്തെ ഓരോ പ്രദേശത്തിന്റെയും വ്യത്യസ്തമായ കൃഷി സാധ്യതകൾ പഠിച്ച് പുതിയ നെൽകൃഷി പദ്ധതിക്ക് രൂപം നൽകിയത്. കാസർക്കോട് മുതൽ തിരുവനന്തപുരം വരെ എല്ലാ ജില്ലകളിലും തരിശുഭൂമിയിൽ വ്യാപകമായി നെൽകൃഷി ആരംഭിച്ചിട്ടുണ്ട്. കാസർകോട്ടെ ബേഡകം അരി, കണ്ണൂരിലെ കാനാമ്പുഴ അരി, പത്തനംതിട്ടയിലെ കൊടുമൺ അരി , തിരുവനന്തപുരത്തെ ചെറുന്നിയൂർ അരി തുടങ്ങിയവ ഇങ്ങനെ ഉൽപാദിപ്പിച്ച ബ്രാന്റുകളാണ്.

പ്രകൃതിയുടെ സന്തുലിതാവസ്ഥയിൽ അധിഷ്ഠിതമായ ഒരു വികസിത കേരളം വാർത്തെടുക്കുന്നതിന് നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. കേരളം പ്രകൃതിദത്തമായി തന്നെ വളരുകയാണ്

**ദീപ കെ.**
എഡിറ്റർ

തദ്ദേശകം
തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ
ജൂൺ 2025 പുസ്തകം 1 ലക്കം 4



# ഉള്ളടക്കം

06 മണ്ണും വിണ്ണും ജലവും
ഭാവി തലമുറയ്ക്ക്
എം ബി രാജേഷ്
തദ്ദേശ സ്വയംഭരണ, എക്സൈസ്, പാർലിമെന്ററികാര്യ വകുപ്പ് മന്ത്രി

10 ഹരിതകേരളം മിഷൻ പരിസ്ഥിതി
പുനസ്ഥാപനത്തിന്റെ കേരളമാതൃക
ഡോ .ടി എൻ സീമ



30 കാർബൺ ന്യൂട്രൽ കാട്ടാക്കട
ഇതും സാധ്യമാണ്
ഷിജു ഏലിയാസ്

38 അതിദാരിദ്ര്യ നിർമാർജ്ജനം അനുഭവങ്ങൾ
ജയപ്രകാശ് ഭാസ്കരൻ

40 സംവരണ സ്ഥാനങ്ങൾ നിശ്ചയിക്കൽ
ഗോപകുമാർ എം





**എം ബി രാജേഷ്**
തദ്ദേശ സ്വയംഭരണ, എക്സൈസ്,
പാർലിമെന്ററികാര്യ വകുപ്പ് മന്ത്രി

# മണ്ണും വിണ്ണും ജലവും ഭാവി തലമുറയ്ക്ക്



ജീവിക്കാനുള്ള സുസ്ഥിരമായ, ശുദ്ധിയുള്ള പ്രകൃതിയും പരിസ്ഥിതിയുമൊരുക്കൽ മാത്രമല്ല നമ്മുടെ കടമ. വരും തലമുറകൾക്കായി പ്രകൃതിയെ കാത്തുവെക്കൽ കൂടിയാണ്. ഈ കാഴ്ചപ്പാടോടെ മണ്ണും വിണ്ണും ജലവും കാത്തുസൂക്ഷിക്കാൻ സംസ്ഥാന സർക്കാർ തന്നെ നേരിട്ട് ഉത്തരവാദിത്ത മെടുത്ത് നടപ്പാക്കുന്ന ബൃഹത്തായ പ്രസ്ഥാനമാണ് ഹരിതകേരളം മിഷൻ. ശുദ്ധമായ മണ്ണ്, ശുദ്ധമായ ഭക്ഷണം, ശുദ്ധമായ വായുവും ജലവും എന്ന ലക്ഷ്യം നേടുന്നതിനായി കേരളീയരെയാകെ കോർത്തിണ ക്കുന്നു ഹരിതകേരളം. നവകേരളത്തിനായുള്ള മുന്നുപാധികളിൽ പ്രധാനമായ ഒന്ന്.

പ്രത്യക്ഷത്തിൽ പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഭൂപ്രദേശമാണ് കേരളം. 44 നദികൾ, അവ നിറയ്ക്കാൻ വേണ്ട സമൃദ്ധമായ മഴ, വേമ്പനാട് കായൽ, അഷ്ടമുടിക്കായൽ തുടങ്ങിയ വലുതും ചെറുതുമായ നിരവധി കായലുകൾ, ശാസ്താംകോട്ട കായൽ, വെള്ളായണിക്കായൽ, പൂക്കോട് തടാകം തുടങ്ങിയ ഒൻപത് ശുദ്ധജല തടാകങ്ങൾ, 53 റിസർവോയറുകൾ, 150 തടയണകൾ, 50000 ലധികം കുളങ്ങൾ, 50 ലക്ഷത്തിലധികം കിണറുകൾ എന്നിങ്ങനെ ജല സ്രോതസ്സുകൾ നിരവധിയാണ്. യഥേഷ്ടം വെള്ളം ഉപയോഗിച്ചാണ് നമ്മുടെ നിത്യജീവിതം. എന്നാൽ അവയുടെ സുസ്ഥിരവും യുക്തിയോടെയുമുള്ള ഉപ യോഗമുണ്ടോ? സംശയമാണ്. ജലസ്രോതസ്സുകൾ ശുദ്ധമായും ശാസ്ത്രീയമായും കാത്തുസൂക്ഷി ക്കുന്നുണ്ടോ? പൂർണമായും കഴിയുന്നില്ല. 2030 ആകുമ്പോഴേക്ക് കേരളത്തിന്റെ ജല ഉപയോഗം ഇന്നുള്ളതിന്റെ 64 ശതമാനം കൂടി വർധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിനായി കൂടുതൽ ജലസ്രോതസ്സുകൾ കണ്ടെത്തുകയും നിലവിലുള്ള ജലസമ്പത്തിനെ സംരക്ഷിക്കുകയും വേണം. നിലവിലുള്ള ജലസ്രോതസ്സുകളെ സംരക്ഷിക്കുക, ജലത്തിന്റെ ദുരുപയോഗം തടയുക, മഴവെള്ള സംഭ രണം പോലെയുള്ള മാർഗങ്ങളിലൂടെ ജലസംരക്ഷണ പ്രവർത്തനങ്ങൾ സജീവമാക്കുക എന്നിവ പ്രധാന കടമകളായി മാറുന്നു.



ജലസ്രോതസ്സുകൾ യഥേഷ്ടമുണ്ടെങ്കിലും അവ പ്രാധാന്യം നൽകി കാത്തുസൂക്ഷിക്കുന്നതിൽ നമ്മുടെ നാട് അത്ര ജാഗ്രത കാട്ടുന്നില്ല. ഉള്ള ജലസ്രോതസ്സുകളെ പരിശുദ്ധമായി സംരക്ഷിക്കാനുള്ള വിമുഖതയ്ക്കു പുറമേ മാലിന്യങ്ങൾ വലിച്ചെറിഞ്ഞ് അവയെ കൂടുതൽ മലീമസമാക്കാനും ചിലരെങ്കിലും ശ്രമിക്കുന്നുണ്ട്. 'മാലിന്യമുക്തം നവകേരളം' പദ്ധതിയിലൂടെ ഇതുൾപ്പെടെയുള്ള തെറ്റായ ശീലങ്ങൾക്കെതിരെ അതിശക്തമായ നടപടികൾ കൂടി സർക്കാർ സ്വീകരിക്കാൻ തുടങ്ങി. വ്യവസായ വൽക്കരണം മൂലമുള്ള മലിനീകരണം കേരളത്തിലെ നദികളടക്കമുള്ള ജലസ്രോതസ്സുകളിൽ കുറവാണ്. എന്നാൽ അമിതമായ ഉപഭോഗത്തിന്റെ പാർശ്വ ഫലങ്ങൾ, തെറ്റായ മറ്റ് ശീലങ്ങൾ എന്നിവ മൂലം ജലസ്രോതസ്സുകൾ മലിനമാക്കപ്പെടുന്നു. വെള്ളം സ്വാഭാവികമായി ഒഴുകിപ്പോകാനുള്ള മാർഗങ്ങൾ തടയപ്പെട്ടും മലിനീകരണം സംഭവിക്കുന്നു.

നമ്മുടെ ജലസ്രോതസ്സുകളിലെ അപകടകാരിയായ കോളിഫോം ബാക്ടീരിയയുടെ അളവാണ് മറ്റൊരു ആശങ്കപ്പെടുത്തുന്ന കാര്യം. സാർവത്രികമായ കക്കൂസ് സംവിധാനം നിലവിൽ വന്നെങ്കിലും കക്കൂസ് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്ന പദ്ധതികൾ കേരളത്തിൽ ആരംഭിച്ചിട്ടേയുള്ളു. കക്കൂസ് മാലിന്യങ്ങൾ കിണറുകൾ, കുളങ്ങൾ എന്നിവയുൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽ കലരുന്നു. ഇങ്ങനെ മലിനമായ ജലമാണ് പൊതുവിൽ ഉപയോഗിക്കപ്പെടുന്നത്. ഇതിന് അന്ത്യം കണ്ടേ തീരൂ. കക്കൂസ് മാലിന്യത്തിന്റെ ശാസ്ത്രീയമായ സംസ്കരണത്തിനുള്ള വിപുലമായ പദ്ധതികൾ അനിവാര്യമാണെന്ന ബോധം ജനങ്ങൾക്ക് ഉണ്ടാവേണ്ടതുണ്ട്.

2021 ൽ എൽഡിഎഫ് സർക്കാർ അധികാരത്തിൽ വന്ന ശേഷം ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 49410.80 കി.മീ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. 4220 കുളങ്ങൾ പുനരുജ്ജീവിപ്പിക്കുകയും, 5943 കുളങ്ങൾ പുതുതായി നിർമ്മിക്കുകയും ചെയ്തു. മുൻ സർക്കാരിന്റെ കാലയളവിൽ പുനരുജ്ജീവിപ്പിച്ച 45736 കി.മീ ഉൾപ്പെടെ 95146.80 കി.മീ നീർച്ചാലുകൾ സംസ്ഥാനത്ത് വീണ്ടെടുത്തിട്ടുണ്ട്. 916 സ്ഥിരം തടയണകളും 81225 താൽക്കാലിക തടയണകളും നിർമിച്ചു. 10243 കിണറുകൾ റീചാർജ് ചെയ്യുകയും 19762 കിണറുകൾ നിർമിക്കുകയും ചെയ്തു. ഇങ്ങനെ ജലസംരക്ഷണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നു.

കൃഷിയുടെ മികച്ച നടത്തിപ്പും കൃഷിഭൂമിയുടെ ഉപയോഗവും മറ്റൊരു പ്രധാന കാര്യം. കൃഷിക്ക് വളരെ കുറച്ച് ഭൂമി മാത്രമേ നമുക്ക് ലഭ്യമായിട്ടുള്ളൂ. അതിന്റെ പരമാവധി ഉപയോഗവും അതിലൂടെ പരമാവധി ഉത്പാദനവും സാധ്യമാകേണ്ടതുണ്ട്. രാസവളത്തിന്റെയും കീടനാശിനികളുടെയും ഉപയോഗം കഴിയുന്നത്ര കുറച്ചുവേണം ഈ നേട്ടം കൈവരിക്കാൻ. തരിശുഭൂമി പരമാവധി കൃഷിക്കായി പ്രയോജനപ്പെടുത്തിയാൽ പച്ചക്കറിയിലെങ്കിലും സ്വയംപര്യാപ്തത കൈവരുത്താൻ നമുക്ക് കഴിയും. ഓരോ പ്രദേശത്തിനും അനുയോജ്യമായ കൃഷി രീതികളും വിളകളും തെരഞ്ഞെടുത്തും ജലലഭ്യത കണക്കിലെടുത്തുമാണ് കൃഷി വികസിപ്പിക്കേണ്ടത്. മണ്ണിന്റെ ആരോഗ്യം നിലനിർത്തേണ്ടതും അടിയന്തിര



കടമയാണ്. കൃഷി ഇന്നും സംസ്ഥാനത്തെ മൂന്നിലൊരു ഭാഗം ജനങ്ങളുടെ ജീവിതോപാധിയാണ്. ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിതസമൃദ്ധി വാർഡ് പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പ്രവർത്തനം 2349 വാർഡുകളിൽ നടന്നു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏഴ് ജില്ലകളിലായി 525 ഹരിതസമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി 59 ദേവാലയങ്ങളിൽ നടന്നു വരുന്നു.

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്തുവരുന്നു. കുടുംബശ്രീ ഗ്രൂപ്പുകൾ ഈ മേഖലയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. തരിശുരഹിത ഗ്രാമം പദ്ധതി 164 ഗ്രാമപഞ്ചായത്തുകളിൽ നടന്നു വരുന്നു. അഞ്ച് ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്. മില്ലറ്റ് മിഷനുമായി ചേർന്നു 136 ഏക്കർ വിസ്തൃതിയിൽ മില്ലറ്റ് കൃഷി വ്യാപനവും നടന്നു വരുന്നു. അമൃത് പദ്ധതി പ്രകാരം നഗരങ്ങളിൽ 75 വലിയ കുളങ്ങൾ നവീകരിച്ച് ജലസമ്പത്ത് വർധിപ്പിച്ചു. പുഴകളുടെയും കായലുകളുടെയും മാലിന്യത്തോത് കുറയ്ക്കാനും ജലസംരക്ഷണം ഉറപ്പുവരുത്താനുമുള്ള പദ്ധതികൾ ആരംഭിച്ചു. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിത കേരള മിഷനും സംയുക്തമായി നീരുറവ് പദ്ധതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്.

ജലസുരക്ഷ എന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തുകളിൽ "ജലബജറ്റ്", ഉരുൾപൊട്ടൽ സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി "മാപത്തോൺ" എന്നീ പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഹരിതകേരളം മിഷൻ നടപ്പിലാക്കിയിട്ടുണ്ട്. ഈ പഞ്ചായത്തുകളിൽ ഏറ്റെടുത്ത 13747 ജല സംരക്ഷണ പ്രവർത്തനങ്ങളിൽ 10033 എണ്ണം പൂർത്തീകരിച്ചു. ഈ പദ്ധതി പ്രവർത്തനങ്ങളിൽ നിന്നുള്ള ഫീൽഡ്തല കണ്ടെത്തലുകൾ നീരുറവ് മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വരൾച്ചാ നിവാരണ പ്രവർത്തനങ്ങളും ജല സംരക്ഷണ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. കേരളത്തിലെ 8518 വിദ്യാലയങ്ങൾ, കോളേജുകൾ, ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവയ്ക്കു ഗ്രീൻ ഗ്രേഡിംഗും സർട്ടിഫിക്കേഷനും നല്കിയിട്ടുണ്ട്. 15000 സ്ഥാപനങ്ങളെ ഹരിതസ്ഥാപന പദവിയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു.

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു ഹയർ സെക്കൻഡറി സ്കൂളിലെങ്കിലും ജല ഗുണനിലവാര

നിർണ്ണയ ലാബു സ്ഥാപിക്കുന്ന പദ്ധതി പുരോഗമിക്കുകയാണ്. വളരെ എളുപ്പത്തിലും പണച്ചെലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഈ സംവിധാനം ഉപയോഗിക്കുവാൻ കഴിയും. 534 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. നിലവിൽ 335 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചു. 35233 ജലസാമ്പിളുകൾ ഈ ലാബുകളിൽ നാളിതുവരെ പരിശോധിച്ചിട്ടുണ്ട്.

കേരളത്തിൽ നിലവിൽ 1272.89 ഏക്കർ വിസ്തൃതിയിൽ 4030 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിലുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനോടൊപ്പം പുതിയതായി 16 ഏക്കർ വിസ്തൃതിയിൽ കണ്ടൽക്കാടുകൾ വെച്ചുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഹരിതകേരള മിഷൻ ഏറ്റെടുത്തു.

അങ്കണവാടികളിൽ ഊർജ്ജ സ്വയംപര്യാപ്തത കൊണ്ടുവരുന്നതിനും ഊർജ്ജകാര്യക്ഷമത വർധിപ്പിക്കുന്നതിനും വേണ്ടിയുള്ള അംഗൻജ്യോതി പദ്ധതി ഹരിതകേരള മിഷൻ എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ചു നടപ്പിലാക്കിയിട്ടുണ്ട്. അംഗൻജ്യോതിയിൽ ഉൾപ്പെടുത്താൻ വേണ്ടി നെറ്റ് സീറോ കാർബൺ പ്രൊജക്ട് നടപ്പാക്കുന്ന 85 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 2240 അങ്കണവാടികളെ തെരഞ്ഞെടുത്തു. തെരെഞ്ഞെടുത്ത 2240 അങ്കണവാടികൾക്കും പാചകത്തിനുള്ള വൈദ്യുത ഇൻഡക്ഷൻ അടുപ്പുകൾ, അനുബന്ധ പാത്രങ്ങൾ, LED ബൾബ്, BLDC ഫാൻ, ടൂവീലർ / ത്രീവീലർ ഇലക്ട്രിക്ക് ചാർജിങ്ങിനുള്ള സംവിധാനം എന്നിവ നല്കിയിട്ടുണ്ട്

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു നടന്നു വരികയാണ്. ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമ പഞ്ചായത്തുകളെ ഉൾപ്പെടുത്തി ആകെ 91 ഗ്രാമപഞ്ചായത്തുകളെയും ഒരു നഗരസഭയെയും (വടകര) തിരഞ്ഞെടുത്തിട്ടുണ്ട്. 85 സർക്കാർ സ്ഥാപനങ്ങളെ മാതൃകാ സ്ഥാപനങ്ങളായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഊർജ്ജ ഓഡിറ്റിനായി 1534 സർക്കാർ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഒരു കിലോവാട്ട് മുതൽ പത്തു കിലോവാട്ട് വരെ ശേഷിയുള്ള കുഞ്ഞൻ (പിക്കോ) ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിൽ 23 ജല സ്രോതസ്സുകൾ കണ്ടെത്തിയിട്ടുണ്ട്.

കേരളത്തിന്റെ മണ്ണും ജലവും പരിസ്ഥിതിയും സുസ്ഥിരമായും ശുദ്ധമായും ഉപയോഗിക്കുന്നതിനും ഭാവിയിലേക്ക് സംരക്ഷിക്കാനുമായുള്ള വിപുലമായ കർമപരിപാടിയാണ് ഹരിതകേരളം.



**ഡോ .ടി എൻ സീമ**
വൈസ് ചെയർപേഴ്സൺ ഹരിതകേരളം മിഷൻ &
കോ-ഓർഡിനേറ്റർ നവകേരളം കർമ്മപദ്ധതി



## ഹരിതകേരളം മിഷൻ

# പരിസ്ഥിതി പുനസ്ഥാപനത്തിന്റെ കേരളമാതൃക

തെളിനീരൊഴുകിയിരുന്ന ഗതകാലം ഓർത്ത് സങ്കടപ്പെട്ട് തളർന്നു കിടക്കാനാണ് കാനാമ്പുഴയുടെ വിധി എന്ന് പുഴയോരത്തുള്ളവരാകെ വിധിയെഴുതിയ ഒരു കാലമുണ്ടായിരുന്നു. മാലിന്യം നിറഞ്ഞും സാമൂഹ്യവിരുദ്ധരുടെ താവളമായും കുപ്രസിദ്ധിയിലേക്ക് കൂപ്പുകുത്താനാണ് താഴെപ്പറ്റക്കുന്നിന്റെ നിയോഗം എന്ന് നാട്ടുകാർ നിശ്ചയിച്ചുറപ്പിച്ച ഒരു കാലം. കുറുക്കൻപാറയിൽ നിന്ന് ഉയർന്ന ദുർഗന്ധത്തിന് ഒരിക്കലും പരിഹാരം ഉണ്ടാകില്ലെന്ന് പരിസരവാസികൾ അന്ന് പരിതപിച്ചിരുന്നു. നാടെങ്ങും പ്ലാസ്റ്റിക്കും മാലിന്യങ്ങളും കൊണ്ട് നിറയുമെന്ന് അന്ന് എല്ലാവരും കരുതിയിരുന്നു  നാട്ടിലെ തോടും പുഴകളും കുളങ്ങളും  അഴുകിനാറിയും നശിച്ചും ഒടുങ്ങുകയാണെന്ന് ജനങ്ങൾ വിലപിച്ചിരുന്ന ഒരു കാലം. വൃക്ഷവത്കരണം ഒരു പ്രഹസനം ആണെന്നും ഒരേ കുഴിയിൽ തന്നെയാണ് എല്ലാ വർഷവും പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നടുന്നതെന്നും പലരും പരിഹസിച്ചിരുന്ന ഒരു കാലം. കേരളത്തിന്റെ പരിസ്ഥിതി വീണ്ടെടുക്കാൻ ആവാത്ത വിധം തകർച്ചയിലേക്ക് പോവുകയാണെന്ന് വിലയിരുത്തപ്പെട്ട ഒരു കാലം.

വളരെ പഴയതൊന്നുമല്ല അക്കാലം. എട്ടോ



കേരളത്തിന്റെ വഴിയോരങ്ങളിൽ കുമിഞ്ഞു കൂടിയിരുന്ന മാലിന്യക്കൂനകൾ ഏറെക്കുറെ പൂർണമായി അപ്രത്യ ക്ഷമായിരിക്കുന്നു. കവലകളും ചെറുപട്ടണങ്ങളും ശുചീകരിക്കപ്പെടുകയും റോഡിന്റെ വശങ്ങൾ മനോഹരമായി ചെടികളാൽ സൗന്ദര്യവൽക്കരിക്ക പ്പെടുകയും ചെയ്തിരിക്കുന്നു. നീർച്ചാലുകളിലെയും റോഡുകളിലെയും പുഴകളിലെയും മാലിന്യ നിക്ഷേപങ്ങളിൽ വലിയ കുറവുണ്ടായിരിക്കുന്നു. ഒട്ടേറെ കുളങ്ങൾ സൗന്ദര്യവൽക്കരിച്ച് പ്രാദേശിക വിനോദസഞ്ചാര കേന്ദ്രങ്ങളായി മാറ്റിയിരിക്കുന്നു.

ഒമ്പതോ വർഷങ്ങളുടെ ദൂരമേയുള്ളൂ ആ കാലത്തിലേക്ക്. ഈ പ്രവചനങ്ങളെയും അശുഭചിന്തകളെയും മറികടന്ന് കഴിഞ്ഞ ഒമ്പത് വർഷം കൊണ്ട് കേരളം നടന്നുകയറിയ പാരിസ്ഥിതിക ഉയരത്തിന്റെ കഥയാണ്, അല്ല ചരിത്രമാണ്, ഹരിതകേരളം മിഷന് പറയാനുള്ളത്. നാടിനാകെ അഭിമാനാർഹമായ അവയിൽ പലതും രാജ്യത്ത് തന്നെ ആദ്യമായി നടപ്പാക്കപ്പെടുന്നവയാണ് എന്നതും എടുത്തു പറയേണ്ടതുണ്ട്. ആ പാരിസ്ഥിതിക മികവുകളുടെ സംസാരിക്കുന്ന തെളിവുമായി കണ്ണൂരിലെ കാനാമ്പുഴ ഇന്ന് തെളിഞ്ഞൊഴുകുന്നു. പുഴയുടെ വശങ്ങളിൽ കല്ലു പാകിയും വൈദ്യുത വിളക്കുകൾ പിടിപ്പിച്ചും മനോഹരമാക്കിയ നടപ്പാത നൂറുകണക്കിനാളുകളുടെ സായാഹ്ന സന്ദർശന കേന്ദ്രമായി മാറിയിട്ടുണ്ട്. പുഴയ്ക്ക് ഇരുവശവുമുള്ള നെൽവയലുകളിൽ കൃഷി തിരിച്ചെത്തിയിരിക്കുന്നു. മലപ്പുറം പെരിന്തൽമണ്ണയിലെ താഴേപ്പറ്റക്കുന്ന് നിറയെ കായ്ച്ചുകിടക്കുന്ന ഒരു മനോഹരമായ ഫലവർഗ്ഗ പച്ചത്തുരുത്തായി മാറി. കുന്നിൻപുറവും പച്ചത്തുരുത്തും അനേകം പേരെ ആകർഷിക്കുന്ന സായാഹ്ന സന്ദർശനകേന്ദ്രം ആയിരിക്കുന്നു. തൃശ്ശൂർ കുന്നംകുളത്തെ കുറുക്കൻപാറയിൽ ദുർഗന്ധമെല്ലാം അകന്ന് ജൈവ, അജൈവ മാലിന്യങ്ങളുടെ സുരക്ഷിത സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

ഇത്തരം മാറ്റങ്ങൾ കാനാമ്പുഴയിലും താഴേപ്പറ്റക്കുന്നിലും കുന്നംകുളത്തും മാത്രമല്ല സംഭവിച്ചത്. കേരളത്തിന്റെ വഴിയോരങ്ങളിൽ കുമിഞ്ഞു കൂടിയിരുന്ന മാലിന്യക്കൂനകൾ ഏറെക്കുറെ പൂർണമായി അപ്രത്യക്ഷമായിരിക്കുന്നു. കവലകളും ചെറുപട്ടണങ്ങളും ശുചീകരിക്കപ്പെടുകയും റോഡിന്റെ വശങ്ങൾ മനോഹരമായി ചെടികളാൽ സൗന്ദര്യവൽക്കരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. നീർച്ചാലുകളിലെയും റോഡുകളിലെയും പുഴകളിലെയും മാലിന്യ നിക്ഷേപങ്ങളിൽ വലിയ കുറവുണ്ടായിരിക്കുന്നു. ഒട്ടേറെ കുളങ്ങൾ സൗന്ദര്യവൽക്കരിച്ച് പ്രാദേശിക വിനോദ സഞ്ചാര കേന്ദ്രങ്ങളായി മാറ്റിയിരിക്കുന്നു. 3000ത്തിലധികം സ്ഥലങ്ങളിൽ ജൈവവൈവിധ്യത്തിന്റെ പച്ചത്തുരുത്തുകൾ തലയുയർത്തി നിൽക്കുന്നു. അങ്ങനെയങ്ങനെ കേരളത്തിന്റെ പരിസ്ഥിതി നശിക്കുകയല്ല മെച്ചപ്പെടുകയാണെന്ന് ഈ മാറ്റങ്ങൾ അടിവരയിട്ട് സ്ഥാപിക്കുന്നു.

സംസ്ഥാനത്തിന്റെ സർവതലസ്പർശിയായ വളർച്ച ഉറപ്പാക്കി ഭക്ഷ്യമേഖലയിൽ അടക്കം സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കിക്കൊണ്ടും ജനജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തിക്കൊണ്ടും സൃഷ്ടിക്കേണ്ട നവകേരളത്തെ കുറിച്ചുള്ള കാഴ്ചപ്പാടാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അടിസ്ഥാനം. ഇതിൽ മുഖ്യമായ ആറ് മേഖലകളെ ഉൾപ്പെടുത്തി നാല് വികസന മിഷനുകൾക്ക് രൂപം നൽകുകയാണ് 2016 ൽ അധികാരമേറ്റ സർക്കാർ ചെയ്തത്. കേരളസംസ്ഥാനം നേരിടുന്ന വികസന വെല്ലുവിളികളെ ശാസ്ത്രീയമായും ജനപങ്കാളിത്തത്തോടെയും അഭിസംബോധന ചെയ്യുന്നതിനും സാങ്കേതിക മികവും ഗുണമേന്മയുമുള്ള വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുള്ള സർക്കാർ ഇടപെടലുകളിൽ മുഖ്യമാണ് ഈ വികസന മിഷനുകൾ. ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, കൃഷി, ശുചിത്വം, ജലസംരക്ഷണം തുടങ്ങിയ മേഖലകളിൽ നിർണായക മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനുള്ള വിപുലമായ യജ്ഞങ്ങളായാണ് സർക്കാർ ഇവ വിഭാവനം ചെയ്തിട്ടുള്ളത്. നവകേരള വികസന

## ശുചിത്വ നഗരങ്ങൾ, മെച്ചപ്പെട്ട പൊതുജനാരോഗ്യം, കാലാവസ്ഥാ മാറ്റത്തിനെതിരായ ചെറുത്തു നിൽപ്പ്

## കേരള ഖരമാലിന്യ പരിപാലന പ്രോജക്ട്

(Kerala Solid Waste Management Project )

### - മാലിന്യ പരിപാലനത്തിന് 2400 കോടിയുടെ പദ്ധതികൾ

ലോക ബാങ്കിന്റെയും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കിന്റെയും പിന്തുണയോടെ സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന ഖരമാലിന്യ പരിപാലന പദ്ധതി.

### ലക്ഷ്യങ്ങൾ:

- ശാസ്ത്രീയവും സുസ്ഥിരവും വികേന്ദ്രീകൃതവുമായ മാലിന്യ പരിപാലന സൗകര്യങ്ങൾ
- വൻതോതിൽ മാലിന്യം കുന്നുകൂട്ടിയിടുന്ന അവസ്ഥയ്ക്ക് ശാശ്വത പരിഹാരം; ഉറവിടത്തിൽ തരം തിരിക്കൽ, പുനചംക്രമണം, ബയോമൈനിങ് എന്നിവയിലൂടെ സുരക്ഷിതമായ മാലിന്യ നിർമാർജ്ജനം
- വൻകിട ഡംപിങ് കേന്ദ്രങ്ങൾ ശാസ്ത്രീയ മാലിന്യ സംസ്ക്കരണത്തിലൂടെ തിരിച്ചു പിടിക്കുക

### പ്രധാന പദ്ധതി ഘടകങ്ങൾ

| | |
|---|---|
| അടിസ്ഥാനസൗകര്യ വികസനം | - മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (MCF), റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (RRF), ബയോഗ്യാസ് പ്ലാന്റുകൾ, കംപോസ്റ്റിങ് യൂണിറ്റുകൾ, സാനിട്ടറി ലാന്റ്ഫിലുകൾ, റെഫ്യൂസ് ഡിറൈവ്ഡ് ഇന്ധന (RDF) പ്ലാന്റുകൾ, ബയോമൈനിങ് |
| സംഘടനാ സംവിധാനവും ശേഷിവികസനവും | - ഹരിതകർമ്മസേന, ഇ -സംവിധാനങ്ങൾ, ഇ-മോണിട്ടറിങ്, ബോധവൽക്കരണ കാംപെയിൻ |
| സാമ്പത്തിക സാമൂഹിക പിന്തുണ | - യൂസർഫീ, പാഴ്‌വസ്തുക്കളിൽ നിന്നുള്ള വരുമാനം, വരുമാനദായക സംരംഭങ്ങൾ |
| പരിസ്ഥിതി സംരക്ഷണം, ആരോഗ്യം | - സാനിട്ടറി മാലിന്യങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ എന്നിവയുടെ ശാസ്ത്രീയ പരിപാലനവും സംസ്കരണവും, മാലിന്യങ്ങൾ വലിച്ചെറിയുന്നതും ആരോഗ്യത്തിന് ഹാനികരമായവ കത്തിക്കുന്നതും അവസാനിപ്പിക്കൽ, മണ്ണും ജലസ്രോതസുകളും മലിനമാകുന്നത് തടയൽ |
| പദ്ധതി മേഖല | - 93 നഗരസഭകളും തെരഞ്ഞെടുത്ത പഞ്ചായത്തുകളും |
| പദ്ധതി ചെലവ് | : ₹2,400 കോടി |






ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായുള്ള പ്രായോഗിക പ്രവർത്തനങ്ങൾ ഈ മിഷനുകളിലൂടെ നടപ്പാക്കുന്നു.

നവകേരള സൃഷ്ടിയുടെ പ്രാധാന്യവും പ്രസക്തിയും വ്യക്തമാക്കികൊണ്ട് സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയൻ നവകേരളം കർമ്മപദ്ധതിയുടെ മാർഗ്ഗനിർദ്ദേശമായി ഇങ്ങനെ കുറിച്ചു : 'നവകേരള നിർമ്മാണത്തിന് സർവ്വതലസ്പർശിയായ വികസന പ്രവർത്തനങ്ങളാണ് നവകേരളം കർമ്മ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ജനങ്ങളുടെ അടിയന്തര പ്രാധാന്യമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിന് ദീർഘവീക്ഷണത്തോടുകൂടിയ പരിഷ്കാരങ്ങൾക്ക് അടിത്തറയിടുന്നതിനും വേണ്ടിയുള്ള കാലികപ്രസക്തിയുള്ള ദൗത്യങ്ങൾ ആയിട്ടാണ് നവകേരളം കർമ്മ പദ്ധതി ചിട്ടപ്പെടുത്തിയിരിക്കുന്നത്. ജനങ്ങളുടെ ജീവിതത്തെയും ജീവനോപാധികളെയും സ്പർശിക്കുന്ന വിധത്തിലുള്ളതും അവരുടെ ജീവിതാഭിലാഷങ്ങളെ നിറവേറ്റുവാൻ ഭരണത്തെ രൂപാന്തരപ്പെടുത്തുന്നതുമായ തരത്തിലാണ് ഈ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്' (നവകേരളം കർമ്മ പദ്ധതി - മാർഗ്ഗരേഖ 2017)

ഈ മിഷനുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളും ഡിപ്പാർട്ട്മെന്റൽ സ്കീമുകളും സംയോജിപ്പിക്കുകയും അതുവഴി നടത്തിപ്പിനുള്ള സാങ്കേതിക സഹായങ്ങൾ ഉറപ്പുവരുത്തുകയും ചെയ്ത് ജനപങ്കാളിത്തത്തോടെ നടപ്പാക്കണം എന്നാണ് സർക്കാർ ലക്ഷ്യം. മിഷനുകളുമായി ബന്ധപ്പെട്ട ആസൂത്രണ നിർവഹണ പ്രവർത്തനങ്ങളുടെ മുഖ്യ നേതൃത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആയിരിക്കും എന്ന് മാർഗ്ഗരേഖ അടിവരയിടുന്നുണ്ട്: 'ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് മിഷൻ പ്രവർത്തനങ്ങൾ താഴെ തട്ടുകളിൽ നടപ്പാക്കുക. പൗരസമിതികൾ, ബഹുജന സംഘടനകൾ, സർക്കാരിതര സംഘടനകൾ, വിദ്യാഭ്യാസ, ആരോഗ്യസംരക്ഷണ, ക്ഷേമപ്രവർത്തനങ്ങളിലെ ജനകീയ കൂട്ടായ്മകൾ, സഹകരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മതസ്ഥാപനങ്ങൾ, കമ്പനികൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിങ്ങനെ സമൂഹത്തിന്റെ സമസ്തമേഖലകളിലും പ്രവർത്തിക്കുന്ന സംഘടനകളുടെയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സാങ്കേതിക സഹായം, സന്നദ്ധ സേവനം 'സാമ്പത്തിക സഹായം തുടങ്ങി ബഹുവിധ

**സംസ്ഥാനത്തിന്റെ വികസനം മുൻനിർത്തിയുള്ള നവകേരള കാഴ്ചപ്പാട് പ്രാവർത്തികമാക്കുന്നതിന് സർക്കാർ വകുപ്പുകളും ഏജൻസികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഓരോ പ്രദേശത്തിന്റെയും സാധ്യതയും ആവശ്യങ്ങളും മനസ്സിലാക്കി ജനപങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നു. അതിന് സഹായകരമായ സവിശേഷ ഇടപെടലാണ് മിഷൻ നടത്തുന്നത്.**



| | |
|---|---|
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | 1034 |
| ഹരിതകർമ്മസേന അംഗങ്ങൾ | 37,363 |
| ഹരിത സംരംഭക ഗ്രൂപ്പുകൾ | 4,485 |

സഹായസഹകരണങ്ങൾ സമാഹരിച്ചുകൊണ്ടാണ് മിഷൻ പ്രവർത്തനങ്ങൾ നടപ്പാക്കുക.' (മാർഗ്ഗരേഖ)

സംസ്ഥാനത്തിന്റെ വികസനം മുൻനിർത്തിയുള്ള നവകേരള കാഴ്ചപ്പാട് പ്രാവർത്തികമാക്കുന്നതിന് സർക്കാർ വകുപ്പുകളും ഏജൻസികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഓരോ പ്രദേശത്തിന്റെയും സാധ്യതയും ആവശ്യങ്ങളും മനസ്സിലാക്കി ജനപങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നു. അതിന് സഹായകരമായ സവിശേഷ ഇടപെടലാണ് മിഷൻ നടത്തുന്നത്. അധികാര വികേന്ദ്രീകരണ പ്രക്രിയ കാൽ നൂറ്റാണ്ട് പിന്നിടുമ്പോഴും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇനിയും മതിയായ നിലയിൽ ലഭ്യമായിട്ടില്ലാത്ത സാങ്കേതിക പിന്തുണ, ശുഷ്കമാകുന്ന ജനപങ്കാളിത്തം എന്നിവ വീണ്ടെടുക്കുക എന്നത് മിഷൻ നടത്തിപ്പിന്റെ അവിഭാജ്യ ഘടകമാണ്. പ്രകൃതി വിഭവങ്ങളുടെയും മനുഷ്യ വിഭവങ്ങളുടെയും ഫലപ്രദമായ വിനിയോഗത്തോടൊപ്പം അധികമായ സാമ്പത്തിക വിഭവ സമാഹരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിൽ പ്രധാനമാണ്. മിഷനുകളിലൂടെ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ലക്ഷ്യങ്ങൾ നേടുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതു പദ്ധതി തയ്യാറാക്കുന്ന സമ്പ്രദായത്തെ ഇങ്ങനെ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്നു:

എ) മിഷനുകളുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങളുടെ ആസൂത്രണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാവർത്തികമാക്കുക. അതിലൂടെ 'തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തിന് വേണ്ടി ഒറ്റ പദ്ധതി (Single Plan) തയ്യാറാക്കി പദ്ധതിയിലെ വിവിധ ഘടകങ്ങൾ ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളുമായിച്ചേർന്ന് നിർവഹണം നടത്തുക.

ബി) വകുപ്പുകളുടെ കീഴിൽ പ്രത്യേകമായി തയ്യാറാക്കുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളും വിഭവങ്ങളും കഴിയുന്നിടത്തോളം ഈ പദ്ധതിയുമായി സംയോജിപ്പിക്കണം

സി) പൊതുസമൂഹത്തിന്റെ നേതൃത്വത്തിലും സഹായത്തിലും രൂപപ്പെടുന്ന പദ്ധതികളും പ്രവർത്തനങ്ങളും ഈ പൊതു പദ്ധതിയുമായി സംയോജിപ്പിക്കണം.

ഇത്തരത്തിൽ പൊതു പദ്ധതി രൂപപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏകോപിപ്പിക്കും. മാത്രമല്ല, ഇവയ്ക്ക് വേണ്ട സാങ്കേതികവിദ്യയും സാങ്കേതിക സഹായവും മിഷനുകളുടെ സഹായക സംവിധാനങ്ങളിലൂടെ ആവശ്യാനുസരണം ലഭ്യമാക്കുകയും ചെയ്യും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വലിയ തോതിൽ ബഹുജനങ്ങളെ അണിനിരത്തി വികസന മിഷനുകൾ വിജയിപ്പിക്കുകയാണ് സർക്കാർ.



> ജലസംരക്ഷണം, മാലിന്യ സംസ്കരണം, കൃഷി, പരിസ്ഥിതി പുനസ്ഥാപനം എന്നിങ്ങനെ പരിസ്ഥിതി ഘടകങ്ങൾ എല്ലാം സമഗ്രമായി സമന്വയിപ്പിച്ച് നടപ്പാക്കിയ രാജ്യത്തെ ആദ്യത്തെ പരിസ്ഥിതി ദൗത്യമാണ് ഹരിത കേരളം മിഷൻ. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഗ്രാമ,നഗര വ്യത്യാസമില്ലാതെ നടപ്പാക്കിയ രാജ്യത്തെ ആദ്യ ദൗത്യവും ഹരിത കേരളം മിഷൻ ആണ്.

## ഹരിത കേരളം മിഷൻ

കേരളത്തിന്റെ മണ്ണും ജലവും ജൈവവൈവിധ്യവും സംരക്ഷിക്കുന്നതിന് ജനപങ്കാളിത്തമുള്ള പുതിയ പദ്ധതിയായാണ് 2016 ൽ നവകേരളം കർമ്മപദ്ധതിക്ക് കീഴിൽ ഹരിതകേരളം മിഷൻ രൂപീകരിക്കപ്പെട്ടത്. പ്രകൃതിവിഭവങ്ങളുടെ സംരക്ഷണവും പരിസ്ഥിതിയുടെ സുസ്ഥിരതയും മനുഷ്യ ജീവിതവുമായി നേരിട്ട് ബന്ധപ്പെടുന്നതും ജനാധിപത്യ രാഷ്ട്രീയ ഇടപെടൽ ആവശ്യമുള്ളതുമായ വിഷയങ്ങളാണ്. മുതലാളിത്തത്തിന്റെ അന്തമില്ലാത്ത ആർത്തി പ്രകൃതിക്കുമേൽ സമാനതകളില്ലാത്ത ചൂഷണം അടിച്ചേൽപ്പിക്കുമ്പോൾ പ്രകൃതി വിഭവങ്ങൾക്കുമേൽ ഭൂമിയിലെ മുഴുവൻ പേരും അവകാശികളാണ് എന്ന മുദ്രാവാക്യം ഉയർത്തുകയും പാരിസ്ഥിതിക ചൂഷണത്തിൽ നിന്നും പ്രകൃതിയെയും പ്രകൃതിയെ ആശ്രയിച്ച് ജീവിക്കുന്ന മനുഷ്യരെയും സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് മിഷൻ മുന്നോട്ടു വയ്ക്കുന്ന കാഴ്ചപ്പാട്. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുസമൂഹത്തിന്റെയും കൂട്ടായ പ്രവർത്തനം ആയിട്ടാണ് പാരിസ്ഥിതിക മേഖലയിലെ ഇടപെടലുകളെ സർക്കാർ വിഭാവനം ചെയ്തത്.

ലക്ഷ്യങ്ങളുടെ വൈപുല്യത്തിലും പ്രവർത്തനങ്ങൾ നടപ്പാക്കുന്ന പ്രദേശത്തിന്റെ സമഗ്രതയിലും രാജ്യത്തെങ്ങും ഹരിതകേരളം മിഷന് സമാനമായ മാതൃകയില്ലായിരുന്നു. വൃക്ഷവത്കരണം മാത്രം ലക്ഷ്യമായി ഏറ്റെടുത്ത മിഷൻ പ്രവർത്തനങ്ങൾ ചില സംസ്ഥാനങ്ങളിൽ ഉണ്ടായിട്ടുണ്ട്. ജലസംരക്ഷണം മാത്രം ഏറ്റെടുത്തവയും ഉണ്ടായിട്ടുണ്ട്. നഗരകേന്ദ്രീകൃതമായി മാത്രം നടപ്പാക്കപ്പെട്ട മാതൃകാപരമായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും ചില സംസ്ഥാനങ്ങളിൽ ഉണ്ടായി. എന്നാൽ, ജലസംരക്ഷണം, മാലിന്യ സംസ്കരണം, കൃഷി, പരിസ്ഥിതി പുനസ്ഥാപനം എന്നിങ്ങനെ പരിസ്ഥിതി ഘടകങ്ങൾ എല്ലാം സമഗ്രമായി സമന്വയിപ്പിച്ച് നടപ്പാക്കിയ രാജ്യത്തെ



## ഹരിതകർമ്മസേന ശേഖരിച്ച അജൈവ പാഴ്‌വസ്തുക്കൾ

| | |
|---|---|
| 2023-24 | 47,548.7 ടൺ |
| 2024-25 | 66,166 ടൺ |

ആദ്യത്തെ പരിസ്ഥിതി ദൗത്യമാണ് ഹരിത കേരളം മിഷൻ. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഗ്രാമ,നഗര വ്യത്യാസമില്ലാതെ നടപ്പാക്കിയ രാജ്യത്തെ ആദ്യ ദൗത്യവും ഹരിത കേരളം മിഷൻ ആണ്.

പരിസ്ഥിതി ഒരു ഘടകത്തിനാൽ മാത്രം സ്വാധീനിക്കപ്പെടുന്നതല്ലെന്നും പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഒരു പ്രവർത്തന മേഖലയിലൂടെ മാത്രം പരിഹാരം കാണാൻ ആവില്ലെന്നുമുള്ള കാഴ്ചപ്പാടോടെയാണ് മിഷന് രൂപം നൽകിയത്. അതിനാൽത്തന്നെ, മിഷൻ പ്രവർത്തനങ്ങളെ മൂന്ന് ഉപമിഷനുകളായി തിരിച്ചു. ജലസംരക്ഷണം, മിഷൻ - മാലിന്യ സംസ്കരണം, കൃഷി -പരിസ്ഥിതി പുനസ്ഥാപനം. പരസ്പരബന്ധിതമായിരിക്കുമ്പോൾ തന്നെ പ്രത്യേകം പ്രത്യേകം പരിഗണിക്കപ്പെടേണ്ട ഈ മൂന്ന് മേഖലകൾ കേന്ദ്രീകരിച്ച് ഹരിത കേരളം മിഷൻ നടത്തിയ പ്രവർത്തനങ്ങൾ ഒമ്പതാണ്ടുകൾ പൂർത്തിയാക്കുകയാണ്.

പരിസ്ഥിതി പ്രശ്നങ്ങൾകൂടി ശാസ്ത്രീയമായും ഫലപ്രദമായും കൈകാര്യം ചെയ്യാൻ കഴിയുന്ന തരത്തിലേക്ക് പ്രാദേശിക സർക്കാരുകളെ ശാക്തീകരിക്കുക എന്നതാണ് ഹരിത കേരളം മിഷന്റെ പ്രവർത്തനരീതി. നേരിട്ട് പദ്ധതികൾ ഒന്നും നടപ്പാക്കാതെ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിക്കാനുള്ള തലമൊരുക്കിയാണ് ഇത് സാധ്യമാക്കുന്നത്. സംസ്ഥാന മിഷൻ മുതൽ ഗ്രാമപഞ്ചായത്ത് തല മിഷൻ വരെ ഉൾപ്പെടുന്നതാണ് ഹരിത കേരളം മിഷൻ ശൃംഖല. സംസ്ഥാനതല മിഷന് മുഖ്യമന്ത്രി നേതൃത്വം നൽകുമ്പോൾ തദ്ദേശ ഭരണതല മിഷനുകൾക്ക് അതത് ഭരണസമിതി അധ്യക്ഷരാണ് നേതൃത്വം നൽകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടില്ലാത്ത വകുപ്പുകളെയും ഏജൻസികളെയും സ്ഥാപനങ്ങളെയും ഉൾപ്പെടെ പ്രാദേശിക ആസൂത്രണത്തിലും പദ്ധതി രൂപീകരണത്തിലും കണ്ണിചേർക്കാൻ ഹരിത കേരളം മിഷൻ വഴി തുറന്നു. വെള്ളം, വൃത്തി, വിളവ് എന്ന മുദ്രാവാക്യത്തെ നാടാകെ നെഞ്ചേറ്റി.

## ജലസുരക്ഷ – ഇനി ഞാൻ ഒഴുകട്ടെ

ഹരിത കേരളം ദൗത്യത്തിന് തുടക്കം കുറിക്കുമ്പോൾ ആ വേദിയിൽ മുഖ്യമന്ത്രി പങ്കുവെച്ച ആശയം നാട്ടിലെ നീർച്ചാലുകളിലെ വെള്ളം പോലും കൈക്കുമ്പിളിൽ എടുത്ത് കുടിക്കാൻ കഴിയുന്ന നിലയിൽ നമ്മുടെ ജലസ്രോതസ്സുകളെ വീണ്ടെടുക്കണം എന്നതാണ്. അന്നത് അസാധ്യമെന്ന് തള്ളിക്കളഞ്ഞവരെ തിരുത്തുന്ന അനുഭവങ്ങളാണ് കേരളത്തിലാകെ ഇന്ന് കാണാൻ കഴിയുന്നത്. ഓരോ പുഴയ്ക്കും സ്വന്തമായി ഒരു കഥയും വഴിയും ഉണ്ടെന്നതുപോലെ ഓരോ പുഴ വീണ്ടെടുപ്പിനും വ്യത്യസ്തമായ അനുഭവങ്ങളും പാഠങ്ങളുമുണ്ട്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ വ്യാപിച്ച് കിടക്കുന്ന ഈ അനുഭവങ്ങളിൽ ഏറ്റവും വിലയേറിയതും അസാധാരണവുമായ പാഠങ്ങൾ ലോകത്തിന് മുന്നിൽ തുറന്നു വയ്ക്കുന്ന നിരവധി വീണ്ടെടുപ്പുകൾ ഈ കാലയളവിൽ ഉണ്ടായി. വരട്ടാർ,

**ഹരിത കേരളം ദൗത്യത്തിന് തുടക്കം കുറിക്കുമ്പോൾ ആ വേദിയിൽ മുഖ്യമന്ത്രി പങ്കുവെച്ച ആശയം നാട്ടിലെ നീർച്ചാലുകളിലെ വെള്ളം പോലും കൈക്കുമ്പിളിൽ എടുത്ത് കുടിക്കാൻ കഴിയുന്ന നിലയിൽ നമ്മുടെ ജലസ്രോതസ്സുകളെ വീണ്ടെടുക്കണം എന്നതാണ്. അന്നത് അസാധ്യമെന്ന് തള്ളിക്കളഞ്ഞവരെ തിരുത്തുന്ന അനുഭവങ്ങളാണ് കേരളത്തിലാകെ ഇന്ന് കാണാൻ കഴിയുന്നത്.**



മീനച്ചിലാർ -മീനന്തലയാർ - കൊടൂരാർ പുനർന ദീസംയോജനം, കാനാമ്പുഴ, കുട്ടമ്പേരൂർപുഴ, കിള്ളിയാർ, വലിയതോട് -പെരുംതോട്, പള്ളിക്കലാർ പൂനൂർപുഴ എന്നിങ്ങനെ കേരളത്തിൽ അങ്ങോള മിങ്ങോളം ഒമ്പതു വർഷം കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ പദ്ധതിക ളുടെ ഏകോപനത്തോടെയും ജനകീയ പിന്തുണയോ ടെയും ജനകീയ പുഴപുനരുജ്ജീവനത്തിന്റെ ഐതിഹാസിക ചരിത്രമാണ് കുറിക്കപ്പെട്ടത്

തദ്ദേശസ്ഥാപനതല നീർത്തടാധിഷ്ഠിത ആസൂ ത്രണം എന്ന ആശയത്തിന് വികേന്ദ്രീകൃത ആസൂത്ര ണത്തോളം പഴക്കമുണ്ടെങ്കിലും ആ മേഖലയിൽ വലിയൊരു ചുവടുവെപ്പ് നടന്നത് ഹരിതകേരളം മിഷന്റെ വരവോടെയാണ്. മിഷന്റെ മുൻകൈയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ജലസേചന വകുപ്പ്, മണ്ണ് സംരക്ഷണ- മണ്ണ് പര്യവേക്ഷണ വകുപ്പ്, വിവിധ ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഏകോപനത്തിൽ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നീർത്തട പ്ലാനു കളും അവയെ ബ്ലോക്ക് തലത്തിൽ ഏകോപിപ്പിച്ച് നീർത്തട മാസ്റ്റർ പ്ലാനുകളും തയ്യാറാക്കി. ഈ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള നിരവധി ജല സംരക്ഷണ പ്രവർത്തനങ്ങൾ കഴിഞ്ഞ ഒമ്പത് വർഷക്കാലയളവിൽ നടന്നു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഏറ്റെടുത്ത് നടപ്പാ ക്കിയ ജനകീയ നീർച്ചാൽ - പുഴ പുനരുജ്ജീവന ക്യാമ്പയിനാണ് 'ഇനി ഞാൻ ഒഴുകട്ടെ'. ജലസ്രോ തസ്സുകളിലെ മാലിന്യങ്ങളും മറ്റ് തടസ്സങ്ങളും നീക്കം ചെയ്യൽ, വശങ്ങൾ ബലപ്പെടുത്തൽ, കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗപ്രദമാക്കാൻ എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടന്നു.

ജനകീയമായും വിവിധ ഫണ്ട് സ്രോതസ്സുകൾ വിനിയോഗിച്ചും നടത്തിയ ഈ ക്യാമ്പയിൻ പ്രവർ ത്തനങ്ങളിലൂടെ 2021 വരെയുള്ള കാലയളവിൽ 45,736 കിലോമീറ്റർ നീർച്ചാൽ പുനരുജ്ജീവിപ്പിച്ചിരുന്നു. ഇവയിൽ പഴയ അവസ്ഥയിലേക്ക് തിരികെ പോയവ ഉൾപ്പെടെ 51735 കിലോമീറ്റർ നീർച്ചാലുകൾ 2021 മുതൽ 2025 വരെയുള്ള കാലയളവിലും വീണ്ടെടു ത്തിട്ടുണ്ട്. 422 കിലോമീറ്റർ പുഴയും ഈ കാലയളവിൽ വീണ്ടെടുക്കാൻ കഴിഞ്ഞു. ചിലയിടങ്ങളിൽ ജല സ്രോതസ്സുകൾ പഴയ അവസ്ഥയിലേക്ക് തിരികെ പോയിട്ടുണ്ടെങ്കിലും ബഹുഭൂരിപക്ഷം സ്ഥലങ്ങളിലും അവ മെച്ചപ്പെട്ട അവസ്ഥയിൽ തന്നെ തുടരുന്നുണ്ട്. 2021 മുതലുള്ള ജലസംരക്ഷണ പ്രവർത്തനങ്ങൾ മാത്രം പരിശോധിച്ചാൽ ഭൂഗർഭജല സംരക്ഷണത്തി ന്റെയും ഉപരിജല സംരക്ഷണത്തിന്റെയും മികച്ച നേട്ടങ്ങൾ കാണാൻ കഴിയും. 2021 മുതൽ 2025 ജൂൺ വരെയുള്ള കണക്കെടുത്താൽ സംസ്ഥാനത്ത് 4220 കുളങ്ങളുടെ പുനരുജ്ജീവനവും 5943 പുതിയ കുളങ്ങളുടെ നിർമ്മാണവും നടന്നിട്ടുണ്ട്. പുതിയ കിണറുകൾ 19762 എണ്ണവും റീചാർജ് ചെയ്തത് 10424 എണ്ണവും ആണ്. 916 സ്ഥിരം തടയണകളും 81225 താൽക്കാലിക തടയണകളും ഈ ഘട്ടത്തിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ ബഹുഭൂരിപക്ഷവും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിവഴി ജലസംരക്ഷണത്തിനുള്ള സമഗ്ര പദ്ധതിയുടെ ഭാഗമായാണ് ഏറ്റെടുത്തിട്ടുള്ളത്. തൃത്താല മണ്ഡലവും കാട്ടാക്കട മണ്ഡലവും വളരെ പ്രകടമായ നിലയിൽ ഭൂഗർഭ ജലനിരപ്പിൽ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്.



## സുരക്ഷിതമാക്കാം പശ്ചിമഘട്ടം

നവകേരളം പരിസ്ഥിതി സൗഹൃദമാകണമെന്ന കാഴ്ചപ്പാടിലൂന്നി പരിസ്ഥിതി സൗഹൃദ നവകേരളത്തിന് രൂപം നൽകുമ്പോൾ പ്രകൃതിദുരന്തങ്ങൾ സംബന്ധിച്ച അനുഭവങ്ങൾ കൂടി കണക്കിലെടുത്ത്, ശാസ്ത്രീയവും ജനകീയവുമായി പരിസ്ഥിതി സംരക്ഷണത്തിന്റെ ചുമതലകൾ നിർവഹിക്കണമെന്ന് നവകേരള നിർമ്മിതി സംബന്ധിച്ച രേഖ ജാഗ്രതപ്പെടുത്തുന്നുണ്ട്. 2018ലെ പ്രളയത്തിന് ശേഷമുള്ള വർഷങ്ങളിൽ കേരളത്തിന്റെ പശ്ചിമഘട്ട മേഖലയിൽ വർദ്ധിച്ച തോതിലുള്ള മണ്ണിടിച്ചിലും ചെറുതും വലുതുമായ ഉരുൾപൊട്ടലുകളും ആവർത്തിക്കുന്നുണ്ട്. പശ്ചിമഘട്ട പ്രദേശത്ത് നിരന്തരമായി ഉണ്ടാകുന്ന മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും പ്രധാന കാരണങ്ങളിൽ ഒന്ന് ഈ പ്രദേശത്തെ സ്വാഭാവിക നീർച്ചാൽ ശൃംഖലകൾക്ക് വന്ന നാശമാണ്. ഇവ പുനസ്ഥാപിക്കാൻ ആയാൽ ദുരന്തങ്ങളുടെ വ്യാപ്തിയും തീവ്രതയും വലിയതോതിൽ കുറയ്ക്കാൻ കഴിയും. ഈ കാഴ്ചപ്പാടിലൂന്നി പശ്ചിമഘട്ട പ്രദേശത്തെ 230 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കിയ ക്യാമ്പയിനാണ് 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം.' സംസ്ഥാന ഐടി മിഷന്റെ സാങ്കേതിക പിന്തുണയോടെയും കേരള പുനർനിർമ്മാണ പദ്ധതി (RKI)യുടെ സാമ്പത്തിക സഹായത്തിലും നടത്തിയ ശാസ്ത്രീയ നീർച്ചാൽ മാപ്പിങ്ങാണ് ഈ ക്യാമ്പയിനിലെ ആദ്യഘട്ടം. ഇടുക്കി ജില്ലയിലെ ഏതാനും ചില പഞ്ചായത്തുകൾ ഒഴികെ മറ്റു മുഴുവൻ സ്ഥലങ്ങളിലും നീർച്ചാൽ മാപ്പിങ് പൂർത്തീകരിച്ചു. ഈ മാപ്പിങ്ങിന്റെ അടിസ്ഥാനത്തിൽ നീർച്ചാൽ ശൃംഖല വീണ്ടെടുക്കലാണ് രണ്ടാംഘട്ടം. മിക്കവാറും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രണ്ടാംഘട്ട പ്രവർത്തനവും ആരംഭിച്ചു കഴിഞ്ഞു

## ജലഗുണനിലവാര പരിശോധനാ ലാബുകൾ

ജലലഭ്യത ഉറപ്പാക്കുന്നത് പോലെ പ്രധാനമാണ് ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കലും എന്ന കാഴ്ചപ്പാടിലാണ് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ രസതന്ത്ര ലാബുകളോടനുബന്ധിച്ച് പ്രാഥമിക ജലഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചത്. സംസ്ഥാനത്തെ ബഹുഭൂരിപക്ഷം പേരും കുടിവെള്ളത്തിനായി ആശ്രയിക്കുന്ന തുറന്ന കിണറുകളിലെ ജലമാണ് ഈ ലാബുകളിൽ പരിശോധിക്കുന്നത്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്ത് ഒരു ലാബ് എന്നതാണ് ലക്ഷ്യമിട്ടിരുന്നത്. കേരള പുനർനിർമ്മാണ പദ്ധതി, എംഎൽഎ ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപന ഫണ്ട് എന്നിവ ഉപയോഗിച്ച് ഇതിനകം 482 ലാബുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും അവയിൽ 335

എണ്ണം പണിപൂർത്തിയായി പരിശോധനകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അമീബിക് മസ്തിഷ്ക ജ്വരം ഉൾപ്പെടെയുള്ള മാരക ജലജന്യ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കിണർ ക്ലോറിനേഷൻ, സുരക്ഷിത സെപ്റ്റിക് ടാങ്ക് ഉപയോഗിക്കൽ, കിണറിന് സമീപത്തെ ജലസ്രോതസുകൾ മലിനപ്പെടാതെ സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ ഈ ഗുണനിലവാര പരിശോധനാ ലാബുകൾ പ്രയോജനപ്പെടുത്താനാവും.

## ജല ബജറ്റ്

കേരളം ജല സമൃദ്ധമാണെന്ന് പറയുമ്പോൾത്തന്നെ, വേനൽക്കാലത്ത് വലിയ തോതിലുള്ള ജലദൗർലഭ്യവും നമ്മൾ അനുഭവിക്കുന്നുണ്ട്. ഓരോ പ്രദേശത്തും ഓരോ സമയത്തും ലഭിക്കുന്ന ജലത്തിന്റെ അളവും ആ സമയത്തെ ജലത്തിന്റെ ആവശ്യകതയും കൃത്യമായി പരിഗണിച്ചാൽ മാത്രമേ ഇതിന് പരിഹാരമുണ്ടാക്കാനാകൂ. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഭൂഗർഭജലനിരപ്പിന്റെ കാര്യത്തിൽ സെമിക്രിട്ടിക്കൽ നിലയിലുള്ള ബ്ലോക്കുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ജലബജറ്റ് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് ഈ പശ്ചാത്തലത്തിലാണ്. ഒരു വർഷക്കാലയളവിനെ പത്ത് ദിവസങ്ങളുടെ ചെറുഇടവേളകളായി തിരിച്ച് ആ പത്ത് ദിവസത്തെ ആകെ ജലലഭ്യതയും ആകെ ജലആവശ്യകതയും നിർണയിച്ചാണ് ജലബജറ്റ് തയ്യാറാക്കുന്നത്. സിഡബ്ലിയുആർഡിഎമ്മിന്റെ സാങ്കേതിക പിന്തുണയോടെ നടത്തുന്ന ഈ പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 633 പഞ്ചായത്തുകളിൽ വിവരശേഖരണം പൂർത്തിയായി. 542 പഞ്ചായത്തുകളിൽ ജല ബജറ്റ് തയ്യാറായിക്കഴിഞ്ഞു. 447 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജലബജറ്റുകളുടെ അവതരണവും ചർച്ചയും പൂർത്തിയായി. ജല ബജറ്റിൽ കണ്ടെത്തുന്ന പ്രശ്നങ്ങളെ അടിസ്ഥാനമാക്കി ജലസുരക്ഷാ പ്ലാനുകൾ തയ്യാറാക്കാനുള്ള പ്രവർത്തനങ്ങളും നിരവധി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ജലബജറ്റ് തയ്യാറാക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം.

## പാറക്വാറികളിലെ ജലം കൃഷിയിടങ്ങളിലേക്ക്

സംസ്ഥാനത്ത് ഉപയോഗശൂന്യമായി കിടക്കുന്ന അനേകം പാറക്വാറികളിൽ വലിയ ജലസംഭരണികൾ നിലവിലുണ്ട്. ഇത് ഒരാവശ്യത്തിനും പ്രയോജനപ്പെടുത്തുന്നില്ല എന്ന് മാത്രമല്ല പലയിടങ്ങളിലും വലിയ അപകടഭീഷണിയും ഉയർത്തുന്നു. ഈ സാഹചര്യത്തിലാണ് പാറക്വാറികളിലെ ജലം ജലസേചനത്തിനായി പ്രയോജനപ്പെടുത്തുന്ന പദ്ധതിക്ക് ഹരിതകേരളം മിഷൻ രൂപം നൽകിയത്. അനർട്ടിന്റെ സഹായത്തോടെ സോളാർ പമ്പ് സെറ്റ് സ്ഥാപിച്ച് കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ആദ്യ പദ്ധതി വിജയകരമായതോടെ എല്ലാ ജില്ലകളിലെയും തിരഞ്ഞെടുത്ത പാറക്വാറികളിലേക്ക് ഈ പ്രവർത്തനം വ്യാപിപ്പിക്കാൻ തീരുമാനിച്ചു. 2024 -25 സംസ്ഥാന ബജറ്റിൽ പാറക്വാറികളിലെ വെള്ളം കൃഷിക്കായി പുനരുപയോഗം ചെയ്യുന്ന പ്രവർത്തനം മറ്റു ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള ഹരിതതീർത്ഥം പദ്ധതി പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി കൊല്ലം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ അഞ്ച് ക്വാറികളിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. 2025-26 വാർഷിക ബജറ്റിൽ പദ്ധതി തുടരുന്നതിനുള്ള വിഹിതം വകയിരുത്തിയിട്ടുണ്ട്. ഇതിനായി വെള്ളം ജലസേചനത്തിനോ റീചാർജിങ്ങിനോ ഉപയോഗിക്കാൻ കഴിയുന്ന 286 ക്വാറികൾ വിവിധ ജില്ലകളിലായി കണ്ടെത്തിയിട്ടുണ്ട്. ഹൈഡ്രോഗ്രാഫിക് സർവ്വേ വകുപ്പിന്റെ സഹായത്തോടെ ഇവയിൽ സർവ്വേ പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിക്കും. ജലപുനരുപയോഗത്തിന്റെ സവിശേഷ മാതൃക എന്ന നിലയിൽ മാത്രമല്ല ക്വാറിജല പുനരുപയോഗം ശ്രദ്ധ ആകർഷിക്കുന്നത്. പദ്ധതി ആദ്യമായി ആരംഭിച്ച കരീപ്ര പഞ്ചായത്തിൽ ആറു വാർഡുകളിൽ വേനൽക്കാലത്തും ജലസേചനം ഉറപ്പാക്കി കാർഷികോൽപാദനം വലിയ തോതിൽ വർധിപ്പിക്കാൻ ഈ പദ്ധതി കൊണ്ട് കഴിഞ്ഞിട്ടുണ്ട്. ക്വാറികളിലെ സമൃദ്ധമായ ജലം വേനൽക്കാലത്ത്



| | |
|---|---|
| സാനിട്ടറി മാലിന്യ ഉൽപ്പാദനം | 100 TPD |
| സംസ്‌ക്കരണ ലക്ഷ്യം | 120 TPD |

സമ്പൂർണ്ണ സ്വയംപര്യാപ്തത

## ബയോമൈനിങ്ങ് പദ്ധതികൾക്കായി തിരഞ്ഞെടുത്ത നഗര കേന്ദ്രങ്ങൾ:

ചാലക്കുടി, ഇരിട്ടി, കളമശ്ശേരി, കൽപ്പറ്റ, കാസർഗോഡ്, കായംകുളം, കൂത്താട്ടുകുളം, കോതമംഗലം, കൊട്ടാരക്കര, കുന്നംകുളം, കൂത്തുപറമ്പ, മലപ്പുറം, മഞ്ചേരി, മാവേലിക്കര, മൂവാറ്റുപുഴ, നോർത്ത് പരവൂർ, പാലക്കാട്, വടവത്തൂർ, വടകര, വടക്കഞ്ചേരി

60 ഏക്കർ സ്ഥലം വീണ്ടെടുക്കും

ഉപയോഗപ്പെടുത്തിയാൽ വരൾച്ചയുള്ള പ്രദേശങ്ങളിൽ കാർഷിക മേഖലയ്ക്ക് വലിയ ആശ്വാസം നൽകാൻ കഴിയുമെന്ന് ഈ അനുഭവം തെളിയിക്കുന്നു

## മാലിന്യസംസ്കരണത്തിന്റെ കേരളമാതൃക

ശുചിത്വമുള്ള നാട് ഉയർന്ന പൗരബോധത്തിന്റെ കൂടി സൃഷ്ടിയാണ്. മാലിന്യത്തിന്റെ അളവ് കുറച്ചും ഓരോ ദിവസവും ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യം ശാസ്ത്രീയമായി സംസ്കരിച്ചും മാത്രമേ നാടിന്റെ ശുചിത്വം ഉറപ്പാക്കാനാകൂ. ജനസംഖ്യാ വർദ്ധനവും നഗരവൽക്കരണവും ഉൾപ്പെടെയുള്ള കാരണങ്ങളാൽ ലോകമെങ്ങും മാലിന്യത്തിന്റെ തോത് വർദ്ധിച്ചു വരികയാണ്. പ്ലാസ്റ്റിക് ഉൽപ്പനങ്ങൾ, മറ്റ് ഒറ്റത്തവണ ഉപയോഗ ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉപയോഗത്തിൽ ഉണ്ടായ കുതിച്ചുചാട്ടം കൂടിയാകുമ്പോൾ മാലിന്യത്തിന്റെ അളവ് വലിയ തോതിൽ വർദ്ധിക്കുന്നു. 2016 വരെ കേരളത്തിലെ സ്ഥിതിയും ഇതുതന്നെയായിരുന്നു. ജൈവമാലിന്യങ്ങളുടെ സംസ്കരണ സംവിധാനങ്ങൾ വളരെ കുറവ്. കമ്മ്യൂണിറ്റിതല സംവിധാനങ്ങൾ ഇല്ല എന്നുതന്നെ പറയാം. പുനചംക്രമണ മൂല്യമുള്ള പ്ലാസ്റ്റിക്കുകൾ മാത്രം ശേഖരിക്കുന്ന പാഴ്‌വസ്തു വ്യാപാരികൾ. ഇറച്ചി മാലിന്യവും മുടി മാലിന്യവും ഭക്ഷണ മാലിന്യവും പ്ലാസ്റ്റിക്കും സാനിറ്ററി നാപ്കിനുമെല്ലാം കൂടിക്കലർന്ന് തെരുവോരങ്ങളിലും ജലസ്രോതസ്സുകളിലും നിറഞ്ഞിരുന്ന കാലമായിരുന്നു അത്. നഗരങ്ങൾ മിക്കവയും ചീഞ്ഞുനാറിയിരുന്നു.

ഈ സ്ഥിതി തുടർന്നാൽ കേരളം ഒരു കുപ്പത്തൊട്ടിയായി മാറുമെന്ന തിരിച്ചറിവിലാണ് ഹരിത കേരളം മിഷന്റെ മാലിന്യസംസ്കരണ ഉപമിഷന് രൂപം നൽകിയത്. ഹരിതകേരളം മിഷന്റെ മുഖ്യ ലക്ഷ്യങ്ങളിൽ ഒന്ന് കേരളത്തിന്റെ സവിശേഷതയായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തി വീണ്ടെടുത്ത് പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുക എന്നതാണ്. ജൈവ മാലിന്യങ്ങൾ കഴിയുന്നത്ര ഉറവിടത്തിൽ സംസ്കരിക്കുക, ഉറവിട സംസ്കരണം സാധ്യമാകാത്തിടത്ത് കമ്മ്യൂണിറ്റി തല സംവിധാനങ്ങൾ ഏർപ്പെടുത്തുക,



അജൈവമാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണത്തിനും സുരക്ഷിത പുനചംക്രമണത്തിനുമുള്ള സംവിധാനങ്ങൾ ഒരുക്കുക, മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും ശരിയായി കൈകാര്യം ചെയ്യാനുമുള്ള ശീലം വളർത്തുക എന്നിങ്ങനെയുള്ള സമഗ്രമായ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യപ്പെട്ടത്. ഹരിതകേരളം മിഷന്റെ ശുചിത്വ, മാലിന്യസംസ്കരണ ഉപമിഷൻ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത കർമ്മസേന നിലവിൽ വന്നത്. ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ സംഭരിക്കാനായി എംസിഎഫുകളും അവയെ പുനചംക്രമണ യോഗ്യമാക്കി മാറ്റുന്നതിനായി ആർആർഎഫുകളും സജ്ജീകരിക്കപ്പെട്ടു. പാഴ്‌വസ്തു ശേഖരണത്തിന് സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയെ ചുമതലപ്പെടുത്തുക കൂടി ചെയ്തതോടെ കത്തിക്കുകയും വലിച്ചെറിയുകയും ചെയ്യുന്ന പ്ലാസ്റ്റിക്കിന്റെ അളവിൽ ഗണ്യമായി കുറവ് വന്നു തുടങ്ങി. ശുചിത്വമിഷൻ, കുടുംബശ്രീ മിഷൻ, ക്ലീൻ കേരള കമ്പനി, കെഎസ്ഡബ്ല്യുഎംപി എന്നിവയും ഹരിതകേരളം മിഷനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കൈകോർത്ത് മാലിന്യ സംസ്കരണ മേഖലയിൽ പുതു മാതൃകകൾ സൃഷ്ടിക്കുകയാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കഴിയാവുന്നിടത്തോളം വികേന്ദ്രീകൃതമായി ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുകയും അജൈവമാലിന്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് സംസ്കരിക്കുകയോ കൈമാറുകയോ ചെയ്യുകയും വേണമെന്ന സമീപനമാണ് മിഷൻ സ്വീകരിച്ചത്. ഈ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന പദ്ധതി 2017 സ്വാതന്ത്ര്യദിനത്തിൽ ആരംഭിച്ചിരുന്നു. ബഹുഭൂരിപക്ഷം ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഈ പദ്ധതിയുടെ ഭാഗമായി മാലിന്യ സംസ്കരണ പ്രോജക്റ്റുകൾക്ക് രൂപം നൽകുകയും ശാസ്ത്രീയമായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തു.

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവപാഴ്‌വസ്തുക്കൾ വീടുകളിലും സ്ഥാപനങ്ങളിലും എത്തി നേരിട്ട് ശേഖരിക്കുന്നതിനുള്ള ഹരിത കർമ്മസേന

**ശുചിത്വമുള്ള നാട് സൃഷ്ടിക്കണമെങ്കിൽ മാലിന്യത്തിന്റെ അളവ് കുറയ്ക്കണം. ദൈനംദിന ജീവിതത്തിൽ നമ്മൾ ഉപയോഗിച്ച് വലിച്ചെറിയുന്ന വസ്തുക്കളുടെ എണ്ണം ക്രമാതീതമായി വർധിച്ചുവരികയാണ്.**



## മലിനജല ട്രീറ്റ്മെന്റ് (ST) കേരളത്തിൽ



| | |
|---|---|
| ആകെ ഉൽപ്പാദനം | 1,192 MLD |
| നഗര ഉൽപ്പാദനം | 317 MLD |
| ഗ്രാമ ഉൽപ്പാദനം | 875 MLD |
| പൊതു STP കൾ ട്രീറ്റ് ചെയ്യുന്നത് | 138.3 MLD |
| വ്യക്തിഗത STPകൾ ട്രീറ്റ് ചെയ്യുന്നത് | 96.99 MLD |
| സെപ്റ്റിക് ടാങ്കുകൾ ട്രീറ്റ് ചെയ്യുന്നത് | 1,011 MLD |
| വ്യത്യാസം | 11.95 MLD |

(സ്രോതസ് : കേരള മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ടുകൾ)

സംവിധാനം 2018ൽ പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ഇന്ന് ഹരിത കർമ്മസേനകൾ നിലവിലുണ്ട്. പ്രധാനമായും കുടുംബശ്രീ പ്രവർത്തകർ അംഗങ്ങളായുള്ള ഹരിത കർമ്മസേനയിൽ 37300 അംഗങ്ങൾ പ്രവർത്തിക്കുന്നു.

വീടുകളിലും സ്ഥാപനങ്ങളിലും നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ പാഴ്‌വസ്തുക്കളുടെ താൽക്കാലിക സംഭരണത്തിനായി വാർഡുകൾ തോറും മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും തദ്ദേശസ്ഥാപനതലത്തിൽ വലിപ്പമേറിയ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും നിലവിൽ വന്നു. എംസിഎഫുകളിൽ നിന്നും കൊണ്ടുവരുന്ന പാഴ്‌വസ്തുക്കളിൽ നിന്ന് വിഭവ വീണ്ടെടുക്കൽ നടത്തുന്നതിനും പുനചംക്രമണത്തിനായി ബെയിലിംഗ്, ഷ്രഡിംഗ് എന്നിവ നടത്തുന്നതിനുമായി ബ്ലോക്ക് തലത്തിലും നഗരസഭാതലത്തിലും റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെൻററുകളും സ്ഥാപിക്കപ്പെട്ടു. നിലവിൽ 21013 മിനി എംസിഎഫുകളും 1325 എംസിഎഫുകളും 190 ആർആർഎഫുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന തരത്തിലാണ് ഇവയുടെ വിന്യാസം. ഈ ശൃംഖല വഴി ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ ഏറ്റെടുത്ത് സുരക്ഷിത സംസ്കരണത്തിന് കൈമാറാനായി ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജൈവമാലിന്യം ഉറവിടത്തിൽത്തന്നെയും സ്ഥലപരിമിതിയുള്ള സ്ഥലങ്ങളിൽ സാങ്കേതികവിദ്യയുടെ സഹായത്തോടെയും തുമ്പൂർമുഴി പോലെയുള്ള കമ്മ്യൂണിറ്റിതല സംവിധാനം ഉപയോഗിച്ചും സംസ്കരിക്കുക എന്നതാണ് സ്വീകരിച്ചിട്ടുള്ള നയം.

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ മിക്കവയും ജനകീയ ക്യാമ്പയിൻ രൂപത്തിലാണ് നടപ്പാക്കുന്നത്. ശുചിത്വം, മാലിന്യ സംസ്കരണം എന്നിവയിൽ ശീലവത്ക്കരണത്തിന് വലിയ പ്രാധാന്യമുണ്ട്. അതിനാൽ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം ശീലവത്കരണത്തിനും പ്രാധാന്യം നൽകിയുള്ള പ്രവർത്തനമാണ് നടപ്പിലാക്കി വരുന്നത്. കേരളത്തിന്റെ പുനർനിർമ്മാണം പശ്ചാത്തല സൗകര്യങ്ങളുടെയും ജീവനോപാധികളുടെയും കേവല പുനസ്ഥാപനമല്ല, മറിച്ച്, പരിസ്ഥിതിയുടെ സവിശേഷതകൾ കൂടി കണക്കിലെടുത്തുകൊണ്ടുള്ള അർത്ഥവത്തായ ഇടപെടലാകണം എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. ശുചിത്വത്തെ സംബന്ധിച്ചിടത്തോളം ഇതിൽ ഏറ്റവും പ്രധാനം പരിസ്ഥിതി സൗഹൃദ ജീവിതശൈലിയിലേക്കുള്ള മാറ്റം തന്നെയാണ്. ഈ ലക്ഷ്യത്തോടെയാണ് ഹരിത

**മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, പരിസ്ഥിതിക്ക് ദോഷമുണ്ടാക്കുന്ന നിലയിൽ മാലിന്യം വലിച്ചെറിയുന്നത് ഒഴിവാക്കുക, പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിലുള്ള ശീലങ്ങൾ നടപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ശുചിത്വമുള്ള ഒരു നാട് സൃഷ്ടിക്കാനുള്ള ഇടപെടലാണ് ഹരിത പെരുമാറ്റച്ചട്ടം.**

കേരളം മിഷന്റെയും ശുചിത്വമിഷന്റെയും നേതൃത്വത്തിൽ ഹരിത പെരുമാറ്റ ചട്ടം വ്യാപകമാക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നത്. ഹരിത പെരുമാറ്റ ചട്ടം അഥവാ ഗ്രീൻ പ്രോട്ടോകോൾ ജീവിതത്തിന്റെ എല്ലാ മേഖലകളിലും പരിസ്ഥിതി സൗഹൃദ ശൈലി ഉറപ്പാക്കുന്ന മാതൃകാ പ്രവർത്തനമാണ്. ഉപയോഗിച്ച് വലിച്ചെറിയുക എന്നത് ആധുനിക കമ്പോളം സൃഷ്ടിച്ച ജീവിത ശൈലിയാണ്. വലിയ ലാഭം കൊയ്യാൻ കഴിയുന്ന തരത്തിൽ പുതിയ അഭിരുചികൾ നിർമ്മിച്ചുകൊണ്ടുള്ള ഉപഭോഗ സംസ്കാരം അതിവേഗം സംഭവിക്കുന്ന നഗരവൽക്കരണത്തോടൊപ്പം കേരളത്തിൽ ശക്തമാണ്.

ശുചിത്വമുള്ള നാട് സൃഷ്ടിക്കണമെങ്കിൽ മാലിന്യത്തിന്റെ അളവ് കുറയ്ക്കണം. ദൈനംദിന ജീവിതത്തിൽ നമ്മൾ ഉപയോഗിച്ച് വലിച്ചെറിയുന്ന വസ്തുക്കളുടെ എണ്ണം ക്രമാതീതമായി വർധിച്ചുവരികയാണ്. പ്ലാസ്റ്റിക് കാരിബാഗുകൾ, പ്ലാസ്റ്റിക് /പേപ്പർ /തെർമോകോൾ കപ്പുകൾ /പാത്രങ്ങൾ തുടങ്ങി ഇലക്ട്രോണിക് ഉത്പന്നങ്ങൾ വരെ ഉപയോഗത്തിനുശേഷം ഉപേക്ഷിക്കുന്ന രീതിയാണുള്ളത്. അത് ഉപേക്ഷിക്കുന്നത് ആകട്ടെ വഴിയോരങ്ങളിലും ജലസ്രോതസ്സുകളിലും! ഇവ നൂറ്റാണ്ടുകൾ മണ്ണിൽ കിടന്നാലും അലിഞ്ഞു ചേരുന്നവയല്ല. വിഘടിച്ച് മണ്ണിൽ ചേർന്നാൽ അപകടം ഉള്ളവയുമാണ്. ഒന്ന് ചുറ്റും നോക്കൂ! പ്രകൃതിയിലേക്ക് തിരിച്ചു സ്വീകരിക്കാൻ പറ്റാത്ത ഒരു മാലിന്യവും പ്രകൃതി സൃഷ്ടിക്കുന്നതല്ല; മനുഷ്യൻ ഉണ്ടാക്കുന്നതാണ്. മനുഷ്യൻ ഉണ്ടാക്കുന്ന മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാനും മാലിന്യത്തിന്റെ അളവ് കുറയ്ക്കാനുമുള്ള വിവേകവും ഉത്തരവാദിത്തവും നമ്മൾ കാണിക്കണം. ഇത്തരത്തിൽ പുതിയൊരു ശുചിത്വ സംസ്കാരം സമൂഹത്തിൽ സൃഷ്ടിക്കുന്നതിന്റെ ഭാഗമായാണ് ഹരിത പെരുമാറ്റ ചട്ടം (Green Protocol) നടപ്പിലാക്കുന്നത്. മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, പരിസ്ഥിതിക്ക് ദോഷമുണ്ടാക്കുന്ന നിലയിൽ മാലിന്യം വലിച്ചെറിയുന്നത് ഒഴിവാക്കുക, പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിലുള്ള ശീലങ്ങൾ നടപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ശുചിത്വമുള്ള ഒരു നാട് സൃഷ്ടിക്കാനുള്ള ഇടപെടലാണ് ഹരിത പെരുമാറ്റച്ചട്ടം.

ശുചിത്വത്തിന്റെ പുതിയ സംസ്കാരം സൃഷ്ടിക്കുക എന്നത് എളുപ്പമല്ല. നമ്മുടെ കാലങ്ങളായുള്ള ശീലങ്ങൾ മാറണം. നമ്മുടെ ഉപഭോഗ രീതികൾ മാറണം. നവീനവും ഉയർന്നതുമായ ഒരു പൗരബോധത്തിലേക്ക് നാടാകെ മാറണം. ഈ മാറ്റം സൃഷ്ടിക്കുന്നതിനായി വിപുലമായ നിലയിൽ ഹരിതചട്ടം (ഗ്രീൻ പ്രോട്ടോക്കോൾ) നടപ്പിലാക്കുക എന്നതാണ് മാർഗ്ഗം. സർക്കാർ/ സ്വകാര്യ സ്ഥാപനങ്ങൾ, വീടുകൾ, ചടങ്ങുകൾ തുടങ്ങി സമൂഹത്തിൽ നിന്നും വ്യക്തിയിൽ എത്തിനിൽക്കുന്ന പുതിയ ശുചിത്വ ശീലങ്ങളുടെ പ്രയോഗമാണ് ഹരിത ചട്ടത്തിലൂടെ ലക്ഷ്യമാക്കുന്നത്

നമ്മുടെ നാട്ടിൽ ധാരാളം ഉത്സവങ്ങളും പെരുന്നാളുകളും കല്യാണം പോലെയുള്ള ചടങ്ങുകളും നടക്കാറുണ്ട്. ആയിരക്കണക്കിന് ആളുകൾ പങ്കെടുക്കുന്ന ഓരോ ചടങ്ങും അവസാനിക്കുമ്പോൾ അവിടെ അവശേഷിക്കുന്നത് ഒരു കൂമ്പാരം മാലിന്യമായിരിക്കും. അതിൽ അഴുകുന്നതും അഴുകാത്തതും ഉണ്ടായിരിക്കും. അത് ഒന്നുകിൽ





തൊട്ടടുത്ത് കാണുന്ന തോട്ടിൽ എറിയുക, അല്ലെങ്കിൽ കൂട്ടിയിട്ട് കത്തിക്കുക എന്നതാണ് പിന്നീട് കാണുന്ന കാഴ്ച. പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ കത്തിക്കുമ്പോൾ ഉയരുന്ന വിഷപ്പുക ശ്വസിച്ചുകൊണ്ട് രോഗം ക്ഷണിച്ചുവരുത്തുന്നവരായി നമ്മൾ മാറിയിരിക്കുന്നു. ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുമ്പോൾ എത്ര ആളുകൾ കൂടുന്ന സ്ഥലമാണെങ്കിലും അവിടെ ഒരു മാലിന്യവും വലിച്ചെറിയില്ല എന്ന് ഉറപ്പുവരുത്തും. ആലുവയിലെ തിരുവൈരാണിക്കുളം ക്ഷേത്രത്തിലെ 12 ദിവസത്തെ ഉത്സവത്തിൽ 12 ലക്ഷത്തോളം തീർത്ഥാടകരാണ് എത്താറുള്ളത്. ഈ ദിവസങ്ങളിൽ പ്രദേശം മുഴുവൻ മാലിന്യ കൂമ്പാരമായി മാറിയിരുന്ന പഴയ സ്ഥിതിയിൽ നിന്ന് വലിയ മാറ്റം ഹരിത പെരുമാറ്റച്ചട്ടം പാലിക്കാൻ തുടങ്ങിയതോടെ ഉണ്ടായിട്ടുണ്ട്. എൻഎസ്എസ് പ്രവർത്തകരായ നൂറുകണക്കിന് വിദ്യാർഥികളുടെ കൂടി സഹായത്തോടെയാണ് ഇവിടെ ഹരിതചട്ടം പാലിക്കുന്നത്. 5000ത്തിലധികം പേർ രാപ്പകൽ പങ്കെടുക്കുന്ന സംസ്ഥാന യൂത്ത് ഫെസ്റ്റിവൽ അടക്കം എല്ലാ തലത്തിലെയും സ്കൂൾ യൂത്ത് ഫെസ്റ്റിവലുകൾ കഴിഞ്ഞ ഏതാനും വർഷങ്ങളായി ഹരിതചട്ടം പാലിച്ചാണ് നടക്കുന്നത്. സംസ്ഥാനത്ത് നിരവധി ഉത്സവങ്ങൾ, പള്ളി പെരുന്നാളുകൾ, വിവാഹമടക്കമുള്ള ചടങ്ങുകൾ എന്നിവയും ഹരിത ചട്ടം പാലിച്ചുകൊണ്ട് പരിസ്ഥിതിക്ക് അനുഗുണമായ വസ്തുക്കൾ മാത്രം ഉപയോഗിച്ചാണ് ഇപ്പോൾ നടക്കുന്നത്. ലക്ഷക്കണക്കിന് ഭക്തർ ഒറ്റദിവസം വന്നുചേരുന്ന ആറ്റുകാൽ പൊങ്കാല കഴിഞ്ഞ ഏതാനും വർഷങ്ങളായി തിരുവനന്തപുരം കോർപ്പറേഷന്റെ നേതൃത്വത്തിൽ ഹരിതചട്ടം കർശനമായി പാലിച്ചാണ് നടക്കുന്നത്. മുൻകാലങ്ങളിൽ പൊങ്കാലയുമായി ബന്ധപ്പെട്ട് 400 –500 ടൺ മാലിന്യം ഉല്പാദിപ്പിക്കപ്പെട്ട സ്ഥാനത്ത് കഴിഞ്ഞ ഏതാനും വർഷങ്ങളായി 75 ടണ്ണിനകമായി മാലിന്യത്തിന്റെ അളവ് കുറഞ്ഞിരിക്കുകയാണ്. ഓണവും റംസാനും ക്രിസ്തുമസും അടക്കമുള്ള ആഘോഷവേളകളിൽ മാത്രമല്ല ജനാധിപത്യത്തിന്റെ ആഘോഷമായ തെരഞ്ഞെടുപ്പുകളിലും കർശനമായി ഹരിത പെരുമാറ്റ ചട്ടം പാലിക്കപ്പെടുന്നുണ്ട്

## മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ

2016 ൽ ഹരിതകേരളം മിഷൻ നിലവിൽ വന്നതിനുശേഷം 2017ലെ സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ചാണ് 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' ക്യാമ്പയിൻ നടത്തിയത്. തുടർന്ന്, വിവിധങ്ങളായ ക്യാമ്പയിനുകൾ നടപ്പാക്കപ്പെട്ടു. കൂട്ടത്തിൽ ഏറ്റവും ശ്രദ്ധേയമായതാണ് 2024 ഒക്ടോബർ 2 മുതൽ 2025 മാർച്ച് 30 വരെയുള്ള കാലയളവിൽ നടപ്പാക്കിയ 'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിൻ. ഹരിത ഓഫീസുകൾ, ഹരിത കലാലയങ്ങൾ, ഹരിതസുന്ദര ടൗണുകൾ എന്നിങ്ങനെ ഉപഘടകങ്ങൾ ചേർന്നതായിരുന്നു 'മാലിന്യമുക്തം നവകേരളം' ക്യാമ്പയിൻ. എല്ലാ വിഭാഗം ജനങ്ങളും ഒറ്റ മനസ്സോടെ ഇതിന് പിന്നിൽ അണിനിരന്നതോടെ അവിശ്വസനീയമെന്ന് തോന്നാവുന്ന മാറ്റങ്ങളാണ് സംസ്ഥാനത്ത് ഉണ്ടായത്. ഓഫീസുകളും സ്കൂളുകളും കോളേജുകളും ഗ്രന്ഥശാലകളും ഹരിതപദവിയിൽ എത്താനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു. കവലകളും ചെറുപട്ടണങ്ങളും ശുചീകരിക്കപ്പെടുകയും സൗന്ദര്യവൽക്കരിക്കപ്പെടുകയും ചെയ്തു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മിക്കവയും മാലിന്യരഹിത ഇടങ്ങളായി മാറി. 348 ടൂറിസം കേന്ദ്രങ്ങളാണ് ഹരിത പദവി നേടിയത്. ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കുകളുടെ അളവിൽ വലിയ കുറവ് സംഭവിച്ചു.

രാജ്യത്തെ മറ്റൊരു സംസ്ഥാനത്തും കാണാൻ കഴിയാത്ത സവിശേഷതയാണ് കേരളത്തിലെ ഗ്രന്ഥശാല പ്രസ്ഥാനം. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായ പ്രവർത്തനങ്ങൾ



ഏറ്റെടുത്ത 6912 ഗ്രന്ഥശാലകളിൽ 3124 എണ്ണം ഇതിനകം ഹരിത പദവി കൈവരിച്ചിട്ടുണ്ട്. ജനകീയ ഇടപെടലുകളും ബോധവൽക്കരണവും നടത്തിയതോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വലിയ ശ്രദ്ധ പുലർത്തുക കൂടി ചെയ്തതിലൂടെയാണ് ഈ നേട്ടങ്ങൾ സാധ്യമായത്. ജൈവമാലിന്യ സംസ്കരണ ഉപാധികൾ വിതരണം ചെയ്തും വാതിൽപ്പടി അജൈവ പാഴ്വസ്തു ശേഖരണം കൃത്യതപ്പെടുത്തിയും മിനി എംസിഎഫ്, എംസിഎഫ്, ആർആർഎഫ് തുടങ്ങിയവ ആവശ്യാനുസരണം സജ്ജമാക്കിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുന്നിൽ നിന്ന് ഈ പ്രവർത്തനത്തെ നയിച്ചു. ചിക്കൻ റെന്ററിംഗ് പ്ലാന്റുകളും സാനിറ്ററി ഇൻസിനറേറ്ററുകളും ഉൾപ്പെടെ സ്ഥാപിക്കപ്പെട്ടു തുടങ്ങിയതോടെ കേരളത്തിന്റെ മാലിന്യപ്രശ്നം കൈപ്പിടിയിൽ ഒതുങ്ങുന്നതായി മാറി. ഉണ്ടായ നേട്ടങ്ങൾ പൂർണ്ണതയിൽ എത്തിക്കാനും സുസ്ഥിരമാക്കാനും ദ്രവമാലിന്യ പ്രശ്നത്തിലെ വിടവുകൾ കൂടി പരിഹരിക്കാനുമുള്ള തീവ്രയജ്ഞത്തിലാണ് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. ശുചിത്വ നേട്ടങ്ങളിൽ മറ്റു സംസ്ഥാനങ്ങളിലെ അപൂർവ്വം ചില നഗരങ്ങൾ ദേശീയതലത്തിൽ മാതൃകകളായി ചൂണ്ടിക്കാണിക്കപ്പെടുമ്പോൾ കേരളം ശുചിത്വത്തിൽ മുന്നോട്ടുവയ്ക്കുന്ന മാതൃക സംസ്ഥാനമാകെ ശുചിത്വ പദവി നേടുന്നതിനുള്ള ശാസ്ത്രീയവും ജനകീയവുമായ ഇടപെടലാണ്.

## കൃഷി – പരിസ്ഥിതി പുനസ്ഥാപനം

കൃഷി ജീവിത സംസ്കാരമാണെന്ന് പറയാറുണ്ട്. എന്നാൽ, പല കാരണങ്ങൾ കൊണ്ടും ആ സംസ്കാരത്തിൽ നിന്നും വേറിട്ട് പോകുന്ന ഒരു ജനതയെ എങ്ങനെ കൃഷിയുടെ ലോകത്തേക്ക് കൊണ്ടുവരാൻ കഴിയുമെന്ന വെല്ലുവിളിയാണ് കേരളം നേരിടുന്നത്. കാർഷിക മേഖലയുടെ പ്രാധാന്യം സമൂഹം തിരിച്ചറിയുന്ന തരത്തിലുള്ള വിപുലമായ ഇടപെടലാണ് ഹരിത കേരളം സാധ്യമാകണമെങ്കിൽ ഉണ്ടാകേണ്ടത്. കൃഷി വകുപ്പും ബന്ധപ്പെട്ട ഏജൻസികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്നാണ് ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയത്. നഷ്ടപ്പെട്ടു കൊണ്ടിരുന്ന നെൽകൃഷി തിരിച്ചു പിടിക്കാനുള്ള തീവ്ര യജ്ഞമാണ് കഴിഞ്ഞ എട്ടു വർഷംകൊണ്ട് കൃഷിവകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ചേർന്ന് നടത്തിയത്.

### കക്കൂസ് മാലിന്യ സംസ്കരണത്തിന് മൊബൈൽ യൂണിറ്റുകൾ

രാജ്യത്ത് ആദ്യം മൊബൈൽ യൂണിറ്റുകൾ (MTU) വ്യാപകമാക്കുന്നത് കേരളം

23 പ്രവർത്തനക്ഷമമായ മൊബൈൽ യൂണിറ്റുകൾ

വസ്തു വിലയും നിർമ്മാണ ചെലവും ഒഴിവാക്കാം

**ലക്ഷ്യം** കക്കൂസ് മാലിന്യ ഉൽപ്പാദനവും പരിചരണവും തമ്മിലുള്ള അന്തരം ഇല്ലാതാക്കൽ

കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള എല്ലാ ജില്ലകളിലും തരിശുഭൂമിയിൽ വ്യാപകമായി നെൽകൃഷി ആരംഭിച്ചതിന്റെ ആവേശകരമായ അനുഭവങ്ങളാണ് ഉണ്ടായിട്ടുള്ളത്. കാസർഗോഡ് ബേഡഡുക്ക പഞ്ചായത്തിന്റെ ബേഡകം അരിയും കണ്ണൂരിൽ നിന്നുള്ള കാനാമ്പുഴ അരിയും മുതൽ പത്തനംതിട്ടയിൽ കൊടുമൺ പഞ്ചായത്തിലെ കൊടുമൺ റൈസും തിരുവനന്തപുരത്ത് ചെറുന്നിയൂർ പഞ്ചായത്തിന്റെ ചെറുന്നിയൂർ അരി തുടങ്ങി നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് സ്വന്തം പേരിൽ അരി ഉത്പാദിപ്പിച്ചത്. ഇടുക്കി ജില്ലയിൽ അടിമാലി പഞ്ചായത്തിലെ കുഞ്ചിപ്പെട്ടിക്കുടിയിലെ ആദിവാസി കർഷകർ 40 വർഷത്തോളം കാടുപിടിച്ചു കിടന്ന പാടങ്ങൾ കൃഷിയോഗ്യമാക്കി നെല്ലുവിളയിച്ച് കുഞ്ചിപ്പെട്ടിക്കുടിയുടെ പേരിൽ അരി ബ്രാൻഡ് ചെയ്തു. ഹരിത കേരളം മിഷൻ സംഘടിപ്പിച്ച പരിസ്ഥിതി സംഗമ വേദിയിൽ മുഖ്യമന്ത്രി പിണറായി വിജയന് ബ്രാൻഡ് ചെയ്ത അരി സമ്മാനിച്ചുകൊണ്ട് കർഷക നീലമ്മ അഭിമാനത്തോടെ പറഞ്ഞത് 'പഞ്ഞ കാലത്ത് ഞങ്ങൾക്ക് അരിതന്ന മുഖ്യന് ഞങ്ങളുടെ കുടിയിൽ നിന്നുള്ള അരി സമ്മാനം' എന്നാണ്.

തിരുവനന്തപുരത്ത് മുദാക്കൽ പഞ്ചായത്തിൽ പിരപ്പമൺകാട് പാടശേഖരത്തിൽ ജനകീയ കൂട്ടായ്മ വിളയിച്ച പിരപ്പമൺകാട് അരി പോലെ നിരവധി പാടശേഖര കൂട്ടായ്മകൾ നെൽകൃഷിയിൽ നന്നായി ഇടപെട്ട് ബ്രാൻഡ് ചെയ്ത് അരി വിൽക്കുന്നുണ്ട്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ഏതാണ്ട് എല്ലാ ജില്ലകളിലും നെൽകൃഷിയുടെ വിസ്തൃതിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പഞ്ചായത്തുകൾ അവരവരുടെ നാടിന്റെ പേരുകളിൽ ഉത്പാദിപ്പിച്ചിട്ടുള്ള അരി മലയാളിയുടെ അഭിമാനത്തിന്റെ അടയാളമായി രേഖപ്പെടുത്താം.

പച്ചക്കറി കൃഷിയുടെ കാര്യത്തിലും ആവേശകരമായ മുന്നേറ്റമാണ് ഉണ്ടായത്. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നഗരങ്ങളിൽ പോലും പച്ചക്കറി കൃഷിയിൽ ചെറുപ്പക്കാരടക്കം കടന്നുവരുന്ന അനുഭവം ഉണ്ടായി. പഞ്ചായത്തുകൾ /നഗരസഭകളുടെ നേതൃത്വത്തിൽ എല്ലാ വാർഡുകളിലെയും തരിശുഭൂമി സർവ്വേ നടത്തി കൃഷിയോഗ്യമായ ഭൂമി കണ്ടെത്തി കൃഷി വ്യാപിപ്പിക്കുന്ന തരിശുരഹിത ഗ്രാമം /തരിശുരഹിതനഗരം പദ്ധതി വളരെ ആവേശത്തോടെ ഏറ്റെടുത്ത് തരിശുരഹിത പദവി നേടിയ നിരവധി തദ്ദേശഭരണ സ്ഥാപനങ്ങൾ ഉണ്ട്. കേരളത്തിൽ ആദ്യമായി ഒരു നിയമസഭാ മണ്ഡലം തരിശുരഹിത പദവി നേടിയത് എംഎൽഎ സികെ ഹരീന്ദ്രന്റെ മുൻകൈയിൽ പാറശാലയാണ്. ഇപ്പോൾ ധർമ്മടം, കളമശ്ശേരി, തൃത്താല, കൊട്ടാരക്കര തുടങ്ങിയ നിരവധി നിയമസഭാ മണ്ഡലങ്ങൾ കാർഷിക മേഖലയിൽ വലിയ ഊന്നൽ നൽകി സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് മാതൃകയാകുന്നുണ്ട്. പരമാവധി തരിശുഭൂമി കൃഷിയോഗ്യമാക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ദേവാലയങ്ങൾ, വ്യവസായ ശാലകൾ എന്നിവയുടെ ഭൂമിയിലും കൃഷിയും ഫലവൃക്ഷവ്യാപനവും നടപ്പാക്കി വരുന്നു. തിരുവനന്തപുരത്ത് കെമിക്കൽ ഫാക്ടറിയായ ട്രാവൻകൂർ ടൈറ്റാനിയം ക്യാമ്പസ് സംയോജിത കൃഷിയുടെ ഉത്തമ മാതൃക എന്ന നിലയിൽ പച്ചക്കറി, ഫലവർഗ കൃഷിയുടെയും പച്ചത്തുരുത്തുകളുടെയും മത്സ്യകൃഷിയുടെയും അപൂർവ്വ നേട്ടങ്ങളാണ് കാഴ്ചവയ്ക്കുന്നത്.

## പച്ചത്തുരുത്തുകൾ

ജൈവവൈവിധ്യത്തിന്റെയും പ്രകൃതിവിഭവങ്ങളുടെയും സമ്പന്നമായ കലവറ ആയിരുന്നു കേരളം. നമ്മുടെ വൃക്ഷസമ്പത്ത് ഗുണമുള്ള വായുവും ശുദ്ധജലവും തലമുറകൾക്കായി കരുതിവയ്ക്കുന്ന ഖനികളായിരുന്നു. എന്നാൽ കയ്യേറ്റം, അനധികൃതവും അശാസ്ത്രീയവുമായ നിർമാണപ്രവർത്തനങ്ങൾ, അതിവേഗതയിലുള്ള നഗരവൽക്കരണം തുടങ്ങി നിരവധി കാരണങ്ങൾ കൊണ്ട് പതിയെപ്പതിയെ കേരളത്തിന്റെ വൃക്ഷ സമ്പത്തും ജൈവവൈവിധ്യവും നഷ്ടപ്പെടുന്ന കാഴ്ചയാണ് കഴിഞ്ഞ അരനൂറ്റാണ്ടായി കാണുന്നത്. ഈ പ്രശ്നം ഇനിയും അവഗണിച്ചാൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ അനുഭവിച്ചു തുടങ്ങിയിട്ടുള്ള കേരളത്തിൽ അത് വലിയ പാരിസ്ഥിതിക തകർച്ചയ്ക്ക് കളമൊരുക്കും.

ലോക പരിസ്ഥിതി ദിനാചരണവുമായി ബന്ധപ്പെട്ട് എല്ലാ വർഷവും വ്യാപകമായി തൈകൾ നടാറുണ്ട്. അവയിൽ കുറെയൊക്കെ പരിപാലിക്കപ്പെടാറുമുണ്ട്. എന്നാൽ ഇത്തരത്തിലുള്ള വൃക്ഷവത്കരണം കൊണ്ട് മാത്രം കേരളത്തിന്റെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പ്രാദേശിക ജൈവവൈവിധ്യത്തെ അതിന്റെ പൂർണ്ണതയിൽ വീണ്ടെടുക്കാൻ ആവില്ല. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി വർദ്ധിച്ചുവരുന്ന ആഗോളതാപനവും രൂക്ഷമായ പ്രളയവും കൊടുംവരൾച്ചയും പോലുള്ള ആഘാതങ്ങൾ നേരിടാനും അതിനെ പരമാവധി പ്രതിരോധിക്കാനും നമ്മുടെ നാടിനെയും ജനങ്ങളെയും സജ്ജരാക്കുക എന്നത് മാത്രമാണ് പോംവഴി. ഈ സാഹചര്യത്തിലാണ് "അതിജീവനത്തിനായി പ്രാദേശിക ജൈവവൈവിധ്യത്തിന്റെ പച്ചത്തുരുത്തുകൾ " എന്ന പദ്ധതി ഹരിതകേരളം മിഷൻ ഏറ്റെടുത്തത്. കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്ന ഹരിതഗൃഹ വാതകങ്ങളിൽ കാർബൺഡയോക്സൈഡിന്റെ അളവ് നിയന്ത്രിച്ചു നിർത്താനുള്ള വൃക്ഷങ്ങളുടെ കഴിവിനെ പ്രയോജനപ്പെടുത്തലാണ് ഇവിടെ സ്വീകരിച്ചിട്ടുള്ള പ്രവർത്തനതത്വം. നിലവിലുള്ള കാർഷിക ഭൂമിയുടെയോ വനഭൂമിയുടെയോ ഘടനയ്ക്ക് മാറ്റം വരുത്താതെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉപയോഗ രഹിതമായി ഒഴിച്ചിട്ടിരിക്കുന്ന പൊതു /സ്വകാര്യ സ്ഥലങ്ങളിൽ ആ പ്രദേശത്തിന്റെ സവിശേഷതകൾക്ക് ഇണങ്ങുന്ന വൃക്ഷങ്ങൾ നട്ടുവളർത്തി രൂപപ്പെടുത്തുന്ന ചെറുവൃക്ഷക്കൂട്ടങ്ങളെയാണ് പച്ചത്തുരുത്ത് എന്ന്

വിളിക്കുന്നത്.

അര സെന്റ് മുതൽ എത്ര വ്യാപ്തിയുള്ള ഭൂമിയിലും രൂപപ്പെടുത്താൻ കഴിയുന്ന ജൈവ വൈവിധ്യത്തിന്റെ തുരുത്തുകളാണ് വികസിപ്പിക്കപ്പെടുന്നത്. ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന ചെറു വനങ്ങൾ അഥവാ വൃക്ഷക്കൂട്ടങ്ങൾ കാർബൺ ഡയോക്സൈഡ് ആഗിരണം ചെയ്ത് ദീർഘകാലം സൂക്ഷിക്കുന്ന കാർബൺ കലവറകളായി മാറും. പച്ചത്തുരുത്ത് രൂപപ്പെടുന്ന സ്ഥലത്തെ അന്തരീക്ഷ താപനില നിയന്ത്രിക്കുന്നതും പക്ഷികളും ഷഡ്പദങ്ങളും ഉൾപ്പെടെയുള്ള ജീവിവർഗങ്ങളുടെ ആവാസവ്യവസ്ഥയായി മാറുന്നതും ഉൾപ്പെടെ പരിസ്ഥിതി സംരക്ഷണത്തിന് വലിയ സംഭാവനകൾ നൽകാൻ ഇവയ്ക്കാവും. സാധ്യമായ സ്ഥലങ്ങളിൽ സ്വാഭാവിക വനമാതൃകയിൽ പച്ചത്തുരുത്ത് രൂപപ്പെടുത്താം. സ്കൂളുകൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുസ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഭൂമിയിൽ ഔഷധവൃക്ഷങ്ങളോ ഫലവൃക്ഷങ്ങളോ ആകാം.

നിലവിലുള്ള കാവുകളുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണം പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2019 ജൂൺ അഞ്ചിന് ആരംഭിച്ച പദ്ധതിയിൽ ചെറിയ വിസ്തൃതിയുള്ളവ മുതൽ 130 ഏക്കറിൽ അധികം വിസ്തൃതിയുള്ള പച്ചത്തുരുത്തു വരെ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. 136 ഏക്കറുള്ള കണ്ണൂരിലെ മുഴക്കുന്ന് പഞ്ചായത്തിലെ പച്ചത്തുരുത്താണ് ഏറ്റവും വിസ്തൃതമായത്. ഫലവർഗ്ഗ വൃക്ഷങ്ങൾ, വംശനാശഭീഷണി നേരിടുന്ന വൃക്ഷങ്ങൾ, മുളകൾ, കണ്ടലുകൾ, ഔഷധസസ്യങ്ങൾ എന്നിങ്ങനെ വ്യത്യസ്ത സ്വഭാവമുള്ള വൃക്ഷങ്ങളുടെ തനത് പച്ചത്തുരുത്തുകളും വിവിധയിനം വൃക്ഷങ്ങൾ ഇടകലർന്ന തുരുത്തുകളും നിർമ്മിക്കപ്പെട്ടിട്ടുണ്ട്. 1272.89 ഏക്കർ ഭൂമിയിലായി ജൈവവൈവിധ്യത്തിന്റെ 4030 ചെറു വനമാതൃകകൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ ഭൂരിപക്ഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റുള്ളവ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സർക്കാർ /പൊതുമേഖലാ സ്ഥാപനങ്ങളുടെയും നേതൃത്വത്തിലാണ് നടന്നിട്ടുള്ളത്. ഏറ്റവും വിസ്തൃതിയിൽ പച്ചത്തുരുത്തുകൾ ഒരുക്കിയിട്ടുള്ളത് കണ്ണൂർ ജില്ലയിലാണ്. 326.67 ഏക്കർ. ഏറ്റവും കൂടുതൽ പച്ചത്തുരുത്തുകൾ തയ്യാറാക്കിയിട്ടുള്ളത് കാസർഗോഡ് ജില്ലയിലാണ്. 854 എണ്ണം. ഇതിന് തൊട്ടുതാഴെ 390 പച്ചത്തുരുത്തുകളുമായി പാലക്കാട് ജില്ലയുണ്ട്.

പ്രകൃതിയിലും ഒപ്പം മനസ്സിലും പച്ച പുതപ്പിക്കുന്ന ഇടങ്ങൾ ഇനിയും ഒരുപാട് തീർക്കേണ്ടതുണ്ട് എന്ന ലക്ഷ്യത്തോടെ മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദ്ദേശപ്രകാരം 2025 പരിസ്ഥിതി ദിനത്തിൽ ഏറ്റെടുത്ത വിപുലമായ ജനകീയ വൃക്ഷവത്കരണ പ്രവർത്തനമാണ് 'ഒരു തൈ നടാം'. ജൂൺ അഞ്ചു മുതൽ സെപ്റ്റംബർ 30 വരെയുള്ള സമയത്ത് ഒരു കോടി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കലാണ്



ലക്ഷ്യമിട്ടത്. 90% തൈകളും ജനകീയമായിട്ടാണ് ശേഖരിക്കുന്നത്. ഇതിനകം 54,73,018 തൈകൾ ശേഖരിക്കുകയും അതിൽ 46,67,432 തൈകൾ നടുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളെ ഇതിന്റെ ഭാഗമാക്കുന്നതിനായി 'ചങ്ങാതിക്ക് ഒരു തൈ', ജന പ്രതിനിധികളും ജീവനക്കാരും ജനങ്ങളും പങ്കാളികളാകുന്ന 'ഓർമ്മ മരം' എന്നിങ്ങനെ വിവിധ പ്രചാരണ പ്രവർത്തനങ്ങളിലൂടെയാണ് ഇത്രയധികം തൈകൾ നടാൻ കഴിഞ്ഞത്. ഒരു കോടി എന്ന ലക്ഷ്യത്തിലേക്ക് ജനകീയ വൃക്ഷവത്കരണം എത്തുമ്പോൾ രാജ്യത്ത് തന്നെ സവിശേഷ നേട്ടമായി അത് മാറും.

## നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കിവരുന്ന ഏറെ ശ്രദ്ധേയമായ ഒരു പ്രവർത്തനമാണ് 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' എന്ന ക്യാമ്പയിൻ. ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ചുകൊണ്ട് കേരളത്തെ 2050 ൽ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുകയെന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമാണിത്. വടകര നഗരസഭയും 91 ഗ്രാമപഞ്ചായത്തുകളുമാണ് ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തയ്യാറായി വന്നത്. ഇപ്പോൾ 152 തദ്ദേശഭരണ സ്ഥാപനങ്ങളിലും 54 സ്ഥാപനങ്ങളിലും ഈ പ്രവർത്തനം നടക്കുന്നു. കലാലയങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങി പത്ത് സ്ഥാപനങ്ങൾ ഇതിനകം നെറ്റ് സീറോ പദവിയെന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ആഗിരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇന്ധനം, മാലിന്യം, കൃഷിഅനുബന്ധ മേഖലകൾ തുടങ്ങിയ വിവിധ സ്രോതസ്സുകളിലൂടെ പുറന്തള്ളപ്പെടുന്ന കാർബണിന്റെ അളവും വിവിധ മാർഗങ്ങളിലൂടെ സംഭരിക്കപ്പെടുന്ന കാർബണിന്റെ അളവും കണക്കാക്കി ഒരു പ്രദേശത്തിന്റെ കാർബൺ സ്ഥിതി നിശ്ചയിക്കുന്ന പ്രവർത്തനമാണ് ഈ ക്യാമ്പയിനിന്റെ ഭാഗമായി നടക്കുന്നത്. കാർബൺ സ്ഥിതി പോസിറ്റീവ് ആണെങ്കിൽ അത് പരിഹരിച്ച് നെറ്റ് സീറോ കാർബൺ സ്ഥിതിയിൽ എത്താനുള്ള ഇടപെടലുകൾ നടത്തുന്നു. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക പിന്തുണയിൽ തയ്യാറാക്കിയ ഒരു മൊബൈൽ ആപ്പ് ആണ് കാർബൺ കണക്കാക്കലിനായി ഉപയോഗിക്കുന്നത്. സംസ്ഥാനത്തെ വിവിധ സർവകലാശാലകളിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും വിദഗ്ധർ ഉൾപ്പെടുന്ന സംഘമാണ് ഇതിന്റെ രീതിശാസ്ത്രം വികസിപ്പിച്ചെടുത്തത്. ഇതിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്ററിന്റെ പിന്തുണയോടെ 2420 അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികൾ ആക്കുന്ന പ്രവർത്തനം നടന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ ലഘൂകരിക്കാനും ചെറുക്കാനും കഴിയേണ്ടതിനെക്കുറിച്ച് വിവിധ വിഭാഗം ജനങ്ങൾക്കിടയിൽ വിപുലമായ പ്രചാരണമാണ് ഈ പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ളത്.

## ജനകീയതയുടെ ആവേശം

ഹരിതകേരളം മിഷന് തുടക്കം കുറിച്ച നാൾ മുതൽ മിഷന്റെ അമരക്കാരനായ മുഖ്യമന്ത്രി ആവർത്തിച്ച് അടിവരയിട്ട് പറഞ്ഞത് മിഷൻജനകീയതയുടെ പുനരുജ്ജീവനമാവണം എന്നതാണ്. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള നാല് മിഷനുകളും വിപുലമായ ജനപങ്കാളിത്തത്തോടെ നടപ്പാക്കണം എന്നതാണ് സർക്കാർ സമീപനം.

സാക്ഷരതാ പ്രസ്ഥാനത്തിലും ജനകീയാസൂത്രണത്തിലും ഊർജമായി നിന്ന ജനപങ്കാളിത്തവും ജനകീയതയുമാണ് ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനു പിന്നിലും. ഹരിത കേരളം മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നടന്ന നിരവധി പ്രവർത്തനങ്ങൾ കേരളത്തിന് മാത്രം അവകാശപ്പെടാൻ കഴിയുന്ന ജനകീയതയുടെ വിളംബരങ്ങളാണ്. അതിൽ ഏറ്റവും സർഗാത്മകവും പ്രതീക്ഷാനിർഭരവുമായ അധ്യായങ്ങളായ വരട്ടാർ പുനരുജ്ജീവനം, മീനച്ചിലാർ -



മീനന്തലയാർ -കൊടൂരാർ പുനർനദീ സംയോജനം, കബനിക്കായി വയനാട്, കിള്ളിയാർ മിഷൻ എന്നിവ പോലെ എല്ലാ ജില്ലകളിലും നിരവധി അനുഭവങ്ങൾ ഉണ്ട്.

നന്മകൊണ്ട് തീർത്ത സാമൂഹിക ജീവിതത്തെക്കുറിച്ചും മനുഷ്യബന്ധങ്ങളെക്കുറിച്ചുമുള്ള പ്രതീക്ഷകൾ കൂടി പുനർജനിക്കുകയാണ് കഴിഞ്ഞ ഒമ്പത് വർഷങ്ങളിൽ കേരളം സാക്ഷ്യം വഹിച്ച ജനകീയതയുടെ വിജയഗാഥകളിലൂടെ.

ഇന്ത്യയുടെ തെക്കു പടിഞ്ഞാറൻ തീരത്ത് സ്ഥിതിചെയ്യുന്ന കേരളം ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, പ്രകൃതിസൗന്ദര്യം, ജൈവവൈവിധ്യം എന്നിവയ്ക്ക് പേരുകേട്ടതാണ്. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇടയ്ക്കിടെയുള്ള പ്രളയം, പ്രളയസമാന മഴക്കെടുതികൾ, ഉരുൾപൊട്ടലുകൾ, മണ്ണിടിച്ചിൽ, തീരശോഷണം, മഴയുടെ അസ്ഥിരത, അതികഠിനമായ വേനലും ജലത്തിന്റെ ലഭ്യതക്കുറവും വരൾച്ചയും തുടങ്ങിയ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ ഉൾപ്പെടെയുള്ള ഗുരുതരമായ പാരിസ്ഥിതിക വെല്ലുവിളികൾ കേരളത്തിനു മുന്നിലുണ്ട്. ഈ പ്രശ്നങ്ങൾ സംസ്ഥാനത്തിന്റെ പ്രകൃതിവിഭവങ്ങളിലും സമ്പദ്‌വ്യവസ്ഥയിലും മനുഷ്യരുടെ ഉപജീവനത്തിലും ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നവയാണ്. സംസ്ഥാനം നേടിയ സാമൂഹ്യക്ഷേമ നേട്ടങ്ങളെയും വികസനവളർച്ചയെയും ബാധിക്കുന്ന ഈ വെല്ലുവിളികൾ ഇച്ഛാശക്തിയോടെ സംസ്ഥാനം നേരിടുകയാണ്.

പരിസ്ഥിതിയോടുള്ള ഉത്തരവാദിത്തത്തെയും പരിസ്ഥിതി സൗഹൃദ വികസനത്തിന്റെ പ്രാധാന്യത്തെയും കുറിച്ചുള്ള അർത്ഥവത്തായ ചർച്ചകൾക്കും ഇടപെടലുകൾക്കും യോജിച്ച അന്തരീക്ഷം ഒരുക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സമനില തകർക്കപ്പെടുന്ന പരിസ്ഥിതിയും അത് സൃഷ്ടിക്കുന്ന ആഘാതങ്ങളും ന്യൂനപക്ഷം വരുന്ന പരിസ്ഥിതി പ്രവർത്തകരുടെയും ഗവേഷകരുടെയും ആശങ്കയും പരിദേവനവും മാത്രമായി അവസാനിക്കുന്ന സ്ഥിതിക്ക് മാറ്റം വരുത്തുക എന്നത് ഹരിതകേരളം മിഷന്റെ ലക്ഷ്യമാണ്. പരിസ്ഥിതി സംരക്ഷണം ഓരോ പൗരന്റെയും /പൗരയുടെയും ഉത്തരവാദിത്തമാകണം. അത് പ്രധാനമായും മനുഷ്യന്റെ നിലനിൽപ്പിനെ കുറിച്ചുള്ള വേവലാതിയാണ്. മുതലാളിത്തത്തിന്റെ അന്തമില്ലാത്ത ആർത്തിയും പ്രകൃതിയോടുള്ള അവഗണനയും നിരുത്തരവാദിത്വവും സൃഷ്ടിച്ച കാലാവസ്ഥാ വ്യതിയാനം എന്ന തീവ്ര പ്രകൃതി ദുരന്തത്തിന്റെ നടുവിലാണ് ലോകം. ഇതിന് കാരണക്കാരായ സമ്പന്ന രാജ്യങ്ങൾ ഉത്തരവാദിത്തങ്ങൾ കൈവഴിയുന്ന ഈ കാലത്ത് ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള ഒരു കൊച്ചു സംസ്ഥാനം പരിസ്ഥിതിക പ്രശ്നങ്ങളെ സമഗ്രമായി അഭിസംബോധന ചെയ്തുകൊണ്ട് വഴികാട്ടുന്നു.



ഷിജു ഏലിയാസ്




# കാർബൺ ന്യൂട്രൽ കാട്ടാക്കട
# ഇതും സാധ്യമാണ്

കാലാവസ്ഥാ വ്യതിയാനം പ്രകൃതിയുടെ സന്തുലനത്തിനും മനുഷ്യന്റെ നിലനില്പിനും ഭീഷണിയാണ്. ഉയരുന്ന ആഗോള താപനില വരൾച്ചയ്ക്കും കാലം തെറ്റിയുള്ള മഴയ്ക്കും പ്രളയങ്ങൾക്കും ചുഴലിക്കാറ്റുകൾക്കും എണ്ണമറ്റ പ്രകൃതി ദുരന്തങ്ങൾക്കും കാരണമാകുന്നു. കാലവർഷം താളം തെറ്റിക്കുന്നതിലൂടെ ജലക്ഷാമത്തിനും കാർഷികചക്രം തകിടം മറിക്കുന്നതിലൂടെ ഭക്ഷ്യക്ഷാമത്തിനും ഇത് ഇടയാക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ പാർശ്വഫലങ്ങൾ ഏറ്റവുമാദ്യം ബാധിക്കുന്നത് ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ദുർബല വിഭാഗങ്ങളെയാണ്. രോഗകാരികളായ സൂക്ഷ്മജീവികൾ ക്രമാതീതമായി പെരുകുന്നതിനും മിത്രകീടങ്ങൾ നശിക്കുന്നതിനും ഇടയാക്കുന്നതിലൂടെ, മനുഷ്യന്റെ ആരോഗ്യത്തിനും ജീവജാലങ്ങളുടെ സ്വഭാവിക നിലനിൽപിനും ഇത് ഭീഷണിയാകുന്നു. രോഗകാരികളായ വൈറസുകൾ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥകളായിരുന്ന ജന്തുജാലങ്ങൾ ഇല്ലാതാകുന്നതോടെ മനുഷ്യരിലും വളർത്തുമൃഗങ്ങളിലും പുതിയ ആവാസവ്യവസ്ഥകൾ കണ്ടെത്തുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. വിഭവങ്ങളുടെ ദൗർലഭ്യം നിലനിൽപ്പുമായി ബന്ധപ്പെട്ട അരക്ഷിതത്വത്തിനും സാമൂഹ്യ, സാമ്പത്തിക അസ്ഥിരതയ്ക്കും സംഘർഷങ്ങൾക്കും ഇടയാക്കുന്നു. കാർബൺ ബഹിർഗമനം സാമൂഹികവും സാമ്പത്തികവും അസ്തിത്വപരവുമായ അസംഖ്യം പ്രശ്നങ്ങളുടെ മൂലകാരണങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കാർബൺ ന്യൂട്രൽ ആവുക എന്നത് വികസനത്തിന്റെ മുൻഗണനയായി മാറുന്നില്ലെങ്കിൽ ലോകത്തെ കാത്തിരിക്കുന്നത് മഹാദുരന്തമാണെന്ന് ശാസ്ത്രലോകം ഓർമ്മപ്പെടുത്തുന്നു.

കാർബൺ ഡൈഓക്സൈഡ് ($CO_2$), മീഥേൻ ($CH_4$), നൈട്രസ് ഓക്സൈഡ് ($N_2O$), ഫ്ലൂറിനേറ്റഡ് വാതകങ്ങൾ മുതലായ ഹരിതഗൃഹ വാതകങ്ങളാണ് ആഗോളതാപനത്തിന് പ്രധാന കാരണമാകുന്നത്. വർധിച്ചു വരുന്ന കാർബൺ ബഹിർഗമനം ഇവയിൽ ഏറ്റവും പ്രധാന പങ്കുവഹിക്കുന്നു. വ്യവസായ വിപ്ലവത്തിന് ശേഷമാണ് ഭൂമിയിലെ കാർബൺ ചക്രം അസന്തുലിതമാകാൻ തുടങ്ങിയത്. വനനശീകരണം, വ്യാവസായിക പ്രവർത്തനങ്ങൾ എന്നിവ ഇതിന് ആക്കം കൂട്ടി. ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം വ്യാപകമായതോടെ അന്തരീക്ഷത്തിലെ കാർബൺ അളവ് ക്രമാതീതമായി വർധിക്കുന്നതിനും താപനില ഉയരുന്നതിനും അത് ഇടയാക്കി. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനമായപ്പോൾ, ജീവന്റെ നിലനിൽപ്പുതന്നെ അപകടപ്പെടുത്തുന്ന ഒന്നായി കാർബൺ ബഹിർഗമനത്തിലെ വർധനവും കാർബൺ



ആഗിരണത്തിനുള്ള പ്രകൃതിദത്ത സാധ്യതകളുടെ ശോഷണവും മാറി. മീഥേൻ, നൈട്രസ് ഓക്സൈഡ് എന്നിവയും താപനില ഉയരുന്നതിന് ഇടയാക്കുന്നുണ്ടെങ്കിലും, ഇവയുടെ അന്തരീക്ഷത്തിലെ അളവ് കാർബൺ സംയുക്തങ്ങളുടെ അതേ തോതിൽ ഉയരുന്നില്ല. അതുകൊണ്ടു തന്നെ, ദീർഘകാല കാലാവസ്ഥാ വ്യതിയാനത്തിന് ഇടയാക്കുന്ന നിർണായക ഘടകം കാർബൺ ബഹിർഗമനവും അതിന്റെ ഫലമായ അസന്തുലിതയും ആണ്.

> കാർബൺ ബഹിർഗമനവും ($CO_2$ emmission) കാർബൺ ആഗിരണവും (carbon sequestration) തമ്മിലുള്ള സന്തുലിതാവസ്ഥ പുനസ്ഥാപിച്ച് കാർബൺ ന്യൂട്രൽ ആവുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് വ്യക്തമായ ആസൂത്രണത്തോടെ, പ്രവർത്തിക്കുന്ന കാട്ടാക്കട നിയമസഭാ നിയോജക മണ്ഡലം അസാധ്യമെന്ന് കരുതപ്പെട്ടിരുന്നത് സാധ്യമാക്കി മുന്നേറുകയാണ്.

2015 ഡിസംബർ മാസത്തിൽ നിലവിൽ വന്ന പാരീസ് കാലാവസ്ഥാ ഉടമ്പടി ആഗോളതാപനം തടയുന്നതിനുള്ള മാർഗങ്ങൾ സ്വീകരിക്കാൻ ലോകരാജ്യങ്ങളെ ചുമതലപ്പെടുത്തി. കാർബൺ ഡൈ ഓക്സൈഡ് (CO2) ഉൾപ്പെടെയുള്ള ഹരിതഗൃഹ വാതകങ്ങളുടെ (GHG) ബഹിർഗമനം കുറയ്ക്കണമെന്ന് ഈ ഉടമ്പടി നിർദ്ദേശിച്ചു. 2021 കാർബൺ ന്യൂട്രാലിറ്റിയിലേക്കുള്ള മഹത്തായ കുതിപ്പിന്റെ വർഷമായിരിക്കണമെന്ന് യു.എൻ ആഹ്വാനം ചെയ്തു. രാജ്യങ്ങളും പ്രാദേശിക ഭരണയൂണിറ്റുകളും സ്ഥാപനങ്ങളും വ്യക്തികൾ സ്വന്തം നിലയിലും ഇതിനു മുൻകൈയെടുക്കണമെന്ന് യു.എൻ. നിർദ്ദേശിച്ചു.

അന്താരാഷ്ട്ര ഉടമ്പടികളുടെ അന്തസ്സത്തയും സുസ്ഥിര വികസന കാഴ്ചപ്പാടും ഉയർത്തിപ്പിടിച്ച്, എം.എൽ.എ ഐ.ബി സതീഷിന്റെ നേതൃത്വത്തിൽ കാട്ടാക്കട നിയോജകമണ്ഡലം ആവിഷ്ക്കരിച്ച 'കാർബൺ ന്യൂട്രൽ കാട്ടാക്കട' പദ്ധതി ഇതിനകം ദേശീയ തലത്തിൽ ശ്രദ്ധ നേടിക്കഴിഞ്ഞു. കാർബൺ ബഹിർഗമനവും (CO2 emissions) കാർബൺ ആഗിരണവും (carbon sequestration) തമ്മിലുള്ള സന്തുലിതാവസ്ഥ പുനസ്ഥാപിച്ച് കാർബൺ ന്യൂട്രൽ ആവുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് വ്യക്തമായ ആസൂത്രണത്തോടെ, പ്രവർത്തിക്കുന്ന കാട്ടാക്കട നിയമസഭാ നിയോജക മണ്ഡലം അസാധ്യമെന്ന് കരുതപ്പെട്ടിരുന്നത് സാധ്യമാക്കി മുന്നേറുകയാണ്. ശരിയായ കാഴ്ചപ്പാടോടെ ശാസ്ത്രീയമായി തയ്യാറാക്കിയ പദ്ധതികളിലൂടെ മുൻപേ നടക്കാൻ കഴിയുമെന്ന് 'കാർബൺ ന്യൂട്രൽ കാട്ടാക്കട'യുടെ ഇതുവരെയുള്ള അനുഭവം തെളിയിക്കുന്നു.

കാർബൺ ന്യൂട്രൽ മണ്ഡലമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് അതിന്റെ ഭാഗമായ പ്രവർത്തനങ്ങളുടെ സങ്കീർണ്ണത ലഘൂകരിക്കുന്ന കൃത്യമായ ആസൂത്രണവും ഏകോപിതമായ പ്രവർത്തനങ്ങളും

ആവശ്യമാണെന്ന് ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സൺ ടി.എൻ. സീമ വ്യക്തമാക്കുന്നു. "ഒരു മണ്ഡലത്തെയാകെ കാർബൺ ന്യൂട്രൽ, അഥവാ നെറ്റ് സീറോ കാർബൺ നിലയിലെത്തിക്കുക അത്ര ലളിതമല്ല. അതിന്റെ ആദ്യഘട്ടം ആ പ്രദേശത്തിന്റെ കാർബൺ ഉത്സർജനം സംബന്ധിച്ച ശാസ്ത്രീയ പഠനമാണ്. അതോടൊപ്പം, 'കാർബൺ ന്യൂട്രൽ' എന്ന ലക്ഷ്യത്തോടെ പരിസ്ഥിതി രംഗത്ത് സമഗ്രമായി ഇടപെടുകയും വേണം. കാട്ടാക്കടയിലെ കാർബൺ ന്യൂട്രൽ പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏകോപനത്തോടെയും ജനങ്ങളുടെ സജീവ പങ്കാളിത്തത്തോടെയും നടപ്പിലാക്കുന്ന പദ്ധതിയെന്ന നിലയിൽ സവിശേഷതകളുള്ള ഒന്നാണെന്ന് സീമ ചൂണ്ടിക്കാട്ടുന്നു.

ഉത്പാദിപ്പിക്കപ്പെടുന്ന കാർബൺ കാടുകൾ, മണ്ണ്, ജലം, ജൈവവസ്തുക്കൾ എന്നിവയടങ്ങുന്ന പ്രകൃതിയുടെ സ്വാഭാവിക പ്രക്രിയകളിലൂടെ ആഗിരണം ചെയ്യപ്പെടുന്നില്ലെങ്കിൽ, അത് അന്തരീക്ഷത്തിലെ കാർബൺഡൈ ഓക്സൈഡിന്റെ ആധിക്യത്തിനും അന്തരീക്ഷ താപനില ഉയരുന്നതിനും ഇടയാക്കും. സ്വാഭാവിക പ്രകൃതിയുടെ അറ്റുപോയ കണ്ണികൾ വിളക്കിച്ചേർക്കുക എന്നതാണ് മുന്നിലുള്ള പ്രധാന മാർഗം. ഫോസിൽ ഇന്ധനങ്ങൾക്കു പകരം സുസ്ഥിര ഊർജ്ജ സ്രോതസുകൾ ഉപയോഗിക്കുക, വ്യാവസായിക, ഇതര ആവശ്യങ്ങൾക്ക് ഊർജ്ജ നഷ്ടം ഒഴിവാക്കി കാര്യക്ഷമതയുള്ള മാർഗങ്ങൾ അവലംബിക്കുക, വനവൽക്കരണം പ്രോത്സാഹിപ്പിക്കുക, കാർബൺ നീക്കൽ (carbon removal) സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുക, ജൈവമാലിന്യത്തിന്റെ ശാസ്ത്രീയ പരിപാലനം ഉറപ്പുവരുത്തുക, അജൈവ പാഴ്വസ്തുക്കൾ വലിച്ചെറിയുന്നത് തടഞ്ഞ് മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ സ്വാഭാവികത തിരിച്ചു പിടിക്കുക തുടങ്ങിയവ ലക്ഷ്യമിടുന്ന കാർബൺ ഓഫ്സെറ്റ് പദ്ധതികൾ വഴി അധിക കാർബൺ ബഹിർഗമനത്തിന്റെ പ്രത്യാഘാതങ്ങൾ തടയുകയും വേണം.

ആഗോളതലത്തിൽ രൂപപ്പെട്ട ധാരണകൾ, അതേ ഗൗരവത്തോടെ പ്രാദേശിക തലത്തിൽ നടപ്പിലാക്കിയാണ് കാട്ടാക്കട നിയോജക മണ്ഡലം മാതൃകയാവുന്നത്. ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം പരമാവധി കുറയ്ക്കുകയും, അതോടൊപ്പം, വ്യക്തികളോ സ്ഥാപനങ്ങളോ കൂട്ടായ്മകളോ നടത്തുന്ന പ്രവർത്തനങ്ങൾ മൂലം ഉൽപ്പാദിപ്പിക്കപ്പെടുന്ന ഹരിതഗൃഹ വാതകങ്ങളുടെ അളവ് (കാർബൺ ഫൂട് പ്രിന്റ് –CFP) ഭൂമിക്കും ജൈവ പരിസ്ഥിതിക്കും ഏൽപ്പിക്കുന്ന സമ്മർദ്ദമായി കണക്കാക്കി, അതിന്റെ പ്രത്യാഘാതം ഒഴിവാക്കുന്നതിനായി തുല്യ അളവിൽ കാർബൺ ആഗിരണം ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് 'കാർബൺ ന്യൂട്രൽ' പദ്ധതിയുടെ ആശയം. അതേ സമയം, കാർബൺ ബഹിർഗമനം കുറയ്ക്കാനുള്ള ശ്രമങ്ങൾ, കാർഷിക മേഖലയെയോ ഭൂമിയുടെ ഉൽപ്പാദനപരമായ ഉപയോഗത്തേയോ ദോഷകരമായി ബാധിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുകയും വേണം.

കേരളത്തിന്റെ കാർബൺ പ്രൊഫൈൽ ഇന്ത്യയുടെ പൊതു സാഹചര്യത്തിൽ നിന്ന് ഭിന്നമാണ്. പുറംതള്ളപ്പെടുന്ന കാർബൺ ഡയോക്സൈഡിന്റെ 49 ശതമാനത്തോളം പുനരാഗിരണം ചെയ്യപ്പെടുന്നുണ്ട് എന്നതാണ് ഇക്കാര്യത്തിൽ കേരളത്തെ വ്യത്യസ്തമാക്കുന്നത്. കാർഷിക പ്രവർത്തനങ്ങൾ, വന വിസ്തൃതി, ശക്തമായ ജൈവ സമ്പത്ത്, തനത് ഭൂവിനിയോഗ മാതൃകകൾ എന്നിവയാണ് കേരളത്തിന് അനുകൂലമാകുന്നത്. മറ്റ് പ്രദേശങ്ങൾ കൂടി 'കാർബൺ ന്യൂട്രൽ കാട്ടാക്കട' മാതൃക ഏറ്റടുത്താൽ, പുറംതള്ളപ്പെടുന്ന അതേ അളവിലോ അതിലും കൂടുതലോ കാർബൺ പുനരാഗിരണം ചെയ്യപ്പെടുന്ന സ്ഥിതിയിലേക്ക് മാറാൻ കേരളത്തിന് കഴിയും.

ഭാവിയെക്കുറിച്ച് കരുതലുള്ളതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ സുസ്ഥിരവികസനത്തിന്റെ ഒരു മാതൃക സൃഷ്ടിക്കാനാണ് തങ്ങൾ ശ്രമിക്കുന്നതെന്ന് കാർബൺ ന്യൂട്രൽ കാട്ടാക്കട എന്ന ആശയത്തിന്റെ സ്രഷ്ടാവും പദ്ധതിയുടെ പ്രധാന സംഘാടകനുമായ





**മാലിന്യ പരിപാലനം കുറ്റമറ്റതാക്കുകയും ജൈവമാലിന്യ സംസ്കരണത്തിന് ശാസ്ത്രീയ മാർഗങ്ങൾ എർപ്പെടുത്തുകയും ചെയ്യുക, കാർഷിക മേഖലയിൽ സുസ്ഥിര മാർഗങ്ങൾ പ്രോത്സാഹിപ്പിക്കുക, ജലാശയങ്ങൾ ശുചീകരിച്ചും ജലസ്രോതസുകൾ ശക്തിപ്പെടുത്തിയും കൃഷി വ്യാപിപ്പിക്കുക, വൃക്ഷങ്ങൾ നട്ടുവളർത്തുക, സൗരോർജ്ജത്തിന് പ്രോത്സാഹനം നൽകുക, ഊർജ്ജ ക്ഷമത മെച്ചപ്പെടുത്തൽ, സ്വകാര്യ വാഹനങ്ങളിൽ നിന്ന് പൊതുഗതാഗത സംവിധാനങ്ങളിലേക്കും ഫോസിൽ ഇന്ധനങ്ങളിൽ നിന്ന് സുസ്ഥിര സ്രോതസുകളിലേക്കുള്ള മാറ്റം എന്നിവ പ്രോത്സാഹിപ്പിക്കുന്ന പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഇതിനായി ഏറ്റെടുത്തു.**

ഐ.ബി. സതീഷ് എം.എൽ.എ പറയുന്നു. ഈ പദ്ധതി സമൂഹത്തിന്റെ അടിസ്ഥാനാവശ്യങ്ങളെ അഭിസംബോധന ചെയ്യുന്നതോടൊപ്പം, നവീനങ്ങളായ ആശയങ്ങൾ മുന്നോട്ടു വെച്ചുകൊണ്ടുള്ള ഭാവി ഇടപെടലുകൾക്ക് പശ്ചാത്തലമൊരുക്കുകയും ചെയ്യുന്നു. ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടും ആസൂത്രണത്തിലെ സുതാര്യതയും നിർവ്വഹണത്തിലെ ജനപങ്കാളിത്തവുമാണ് പദ്ധതിയുടെ ശക്തി. തലമറന്ന് എണ്ണ തേയ്ക്കുന്ന വികസന കാഴ്ചപ്പാടിൽ നിന്ന് ഭാവിയെക്കുറിച്ച് കരുതലുള്ള സുസ്ഥിര സമീപനത്തിലേക്ക് മാറി നടക്കാനാണ് താനും മണ്ഡലത്തിലെ മറ്റ് വികസന പ്രവർത്തകരും ശ്രമിക്കുന്നതെന്ന് സതീഷ് വിശദീകരിക്കുന്നു.

കാട്ടാക്കട, മലയിൻകീഴ്, മാറനല്ലൂർ, പള്ളിച്ചൽ, വിളപ്പിൽ, വിളവൂർക്കൽ എന്നീ ആറു ഗ്രാമപഞ്ചായത്തുകളെയാണ് പദ്ധതി ഉൾക്കൊള്ളുന്നത്. പരിസ്ഥിതി സുസ്ഥിരതയും സാമൂഹിക-സാമ്പത്തിക പുരോഗതിയും ഒരുപോലെ മുന്നോട്ട് കൊണ്ടുപോകുന്ന ഒരു വികസന പാതയാണ് പദ്ധതി മുന്നോട്ടു വയ്ക്കുന്നത്. 2019-20 അടിസ്ഥാന വർഷമായി സ്വീകരിച്ച് ഓരോ വർഷവും ഈ പഞ്ചായത്തുകളിൽ കാർബൺ ഫുട്പ്രിന്റ് കണക്കാക്കുന്നു. തുടർച്ചയായി നാല് വർഷങ്ങളിൽ കാർബൺ ഓഡിറ്റ് നടന്നു. ദീർഘകാല കാർബൺ ന്യൂട്രാലിറ്റി ലക്ഷ്യമാക്കി ജനങ്ങളുടെ ജീവിതശൈലികൾ, പ്രാദേശിക വിഭവനിർമ്മാണം, സുസ്ഥിര വികസന രീതികൾ എന്നിവ കേന്ദ്രീകരിച്ച് പ്രവർത്തന തന്ത്രങ്ങൾ രൂപപ്പെടുത്തിയാണ് പദ്ധതി മുന്നോട്ടു പോകുന്നത്.

മാലിന്യ പരിപാലനം കുറ്റമറ്റതാക്കുകയും ജൈവമാലിന്യ സംസ്കരണത്തിന് ശാസ്ത്രീയ മാർഗങ്ങൾ എർപ്പെടുത്തുകയും ചെയ്യുക, കാർഷിക മേഖലയിൽ സുസ്ഥിര മാർഗങ്ങൾ പ്രോത്സാഹിപ്പിക്കുക, ജലാശയങ്ങൾ ശുചീകരിച്ചും ജലസ്രോതസുകൾ ശക്തിപ്പെടുത്തിയും കൃഷി വ്യാപിപ്പിക്കുക, വൃക്ഷങ്ങൾ നട്ടുവളർത്തുക, സൗരോർജ്ജത്തിന് പ്രോത്സാഹനം നൽകുക, ഊർജ്ജ ക്ഷമത മെച്ചപ്പെടുത്തൽ, സ്വകാര്യ വാഹനങ്ങളിൽ നിന്ന് പൊതുഗതാഗത സംവിധാനങ്ങളിലേക്കും ഫോസിൽ ഇന്ധനങ്ങളിൽ നിന്ന് സുസ്ഥിര സ്രോതസുകളിലേക്കുള്ള മാറ്റം എന്നിവ പ്രോത്സാഹിപ്പിക്കുന്ന പ്രചരണ

പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഇതിനായി ഏറ്റെടുത്തു. പ്രധാനമന്ത്രി കൃഷി സിഞ്ജയി യോജന, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തുടങ്ങിയ സ്കീമുകൾ ഈ ലക്ഷ്യത്തോടെ എകോപിപ്പിച്ചു. നേമം ബ്ലോക്ക് പഞ്ചായത്ത്, വിവിധ ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ വാർഷിക പദ്ധതികളിൽ ഈ ലക്ഷ്യങ്ങൾക്ക് സ്ഥാനം ഉറപ്പാക്കി. എം.എൽ.എ ഐ.ബി. സതീഷ് ബ്ലോക്ക്, പഞ്ചായത്ത് തല റിവ്യൂ യോഗങ്ങളിലും ഗ്രാമസഭകളിലും നേരിട്ടു പങ്കെടുത്തു. മുൻ ധനകാര്യ മന്ത്രി തോമസ് ഐസക് ഉൾപ്പെടെയുള്ള വിദഗ്ധർ ഏതാനും വാർഡ് തല യോഗങ്ങളിൽ നേരിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ ആരാഞ്ഞു.

"വിളപ്പിൽശാല മാലിന്യ സംസ്കരണപ്ലാന്റ് സൃഷ്ടിച്ച മലിനീകരണം നേരിട്ട് അനുഭവിച്ചവരും പ്ലാന്റിനെതിരെ നടത്തിയ സമരത്തിന്റെ അനുഭവം പേറുന്നവരുമായ വിളപ്പിൽ പഞ്ചായത്തു നിവാസികൾ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെയും, മാലിന്യപരിപാലന സംരംഭങ്ങളെ പൊതുവിലും, തുടക്കത്തിൽ സംശയദൃഷ്ടിയോടെയാണ്" കണ്ടതെന്ന് വിളപ്പിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷാജി ഡി ഓർമിക്കുന്നു. "വാർഡ് തലത്തിൽ യോഗങ്ങൾ സംഘടിപ്പിച്ചും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വീടുവീടാന്തരം കയറിയിറങ്ങി പ്രചാരണം നടത്തിയും ഏറെ പണിപ്പെട്ടാണ് പഞ്ചായത്തിന്റെ മാലിന്യ പരിപാലന ദൗത്യങ്ങൾക്ക് ജനപിന്തുണ ഉറപ്പാക്കിയത്" മാലിന്യ പരിപാലന രംഗത്ത് തിരുവനന്തപുരം ജില്ലയിൽ ഏറെ പിറകിലായിരുന്ന വിളപ്പിൽ, കൂട്ടായ ശ്രമഫലമായി, ഹരിതകർമ്മ സേന ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ജില്ലയിലെ മികച്ച പഞ്ചായത്തുകളിൽ



ഒന്നായി മാറിയിട്ടുണ്ടെന്ന് ഹരിതകർമ്മസേന സെക്രട്ടറി സന്ധ്യ പറയുന്നു. മണ്ഡലത്തിലെ മറ്റ് പഞ്ചായത്തുകളിലും സമാന ഇടപെടലുകൾ നടന്നു.

ഭൂഗർഭജലവിതാനം ഉയർത്തുന്നതിൽ നിർണ്ണായകമായെന്ന് ശാസ്ത്രീയ പരിശോധനകളിലൂടെ തെളിയിക്കപ്പെട്ട 'ജലസമൃദ്ധി' പദ്ധതിയുടെ തുടർച്ചയിലാണ് 'കാർബൺ ന്യൂട്രൽ കാട്ടാക്കട' വിഭാവന ചെയ്യപ്പെട്ടത്. ജനങ്ങളെ അവരുടെ ജീവിതരീതികളിലും ഉത്പാദന സംവിധാനങ്ങളിലും മാറ്റങ്ങൾ വരുത്താൻ പ്രാപ്തരാക്കുക എന്നത് പദ്ധതിയുടെ സമീപനത്തിൽ പ്രധാനമാണ്. 2019-2020 അടിസ്ഥാന വർഷമായി സ്വീകരിച്ച്, തുടർച്ചയായ നാല് വർഷങ്ങളിൽ (2020-2024) കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ (KSCSTE) കീഴിലുള്ള വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് സെന്റർ (CWRDM) നിയോജകമണ്ഡല പരിധിയിലെ ഗ്രാമ പഞ്ചായത്തുകളിൽ കാർബൺ ഓഡിറ്റ് നടത്തി കാർബൺ ഫുട്പ്രിന്റ് (CFP) കണക്കാക്കി. ഓരോ ഓഡിറ്റിനു ശേഷവും നടത്തിയ ഇടപെടലുകളുടെ ഫലം തൊട്ടടുത്ത ഓഡിറ്റിൽ വിലയിരുത്തി. പദ്ധതി പ്രവർത്തനങ്ങൾ ശരിയായ ദിശയിലാണെന്ന് ഓരോ പരിശോധനയും വ്യക്തമാക്കി. 2019-2020ൽ 2,67,292.01 $tCO_2e$ ആയിരുന്ന വാർഷിക ബഹിർഗമനം 2020-2024 കാലയളവിൽ 1,42,318.71 $tCO_2e$ ആയി 46.75% കുറഞ്ഞു. ഈ കാലയളവിൽ കാട്ടാക്കട നിയോജകമണ്ഡലം മൊത്തത്തിൽ പുറന്തള്ളിയത് 6,96,865.83 $tCO_2e$ ആണ്. ഇതിൽ 5,69,274.85 $tCO_2e$ (81.7%) പുനരാഗിരണം ചെയ്യപ്പെട്ട അളവ് കഴിഞ്ഞുള്ള അധികമാണ്. ഈ അധിക അളവു കൂടി ഇല്ലാതാക്കിയാലേ പൂർണ്ണ ലക്ഷ്യം കൈവരിച്ചുവെന്ന് പറയാനാവൂ. പ്രകൃതിയുടെ സ്വാഭാവിക മാർഗങ്ങൾ വഴി നടന്നതായി കണക്കാക്കുന്ന കാർബൺ ആഗിരണം 1,12,340.79 $tCO_2e$ (16.1%) ആണ്. ഏറ്റെടുത്ത ബദൽ പ്രവർത്തനങ്ങളിലൂടെ ഉണ്ടായ കുറവ് 15,250.19 $tCO_2e$ (2.2%). ഇതിൽ സൗരോർജ പദ്ധതി (Soura Solar Project) 39.2% സംഭാവന ചെയ്തപ്പോൾ, മാലിന്യമുക്തം കാട്ടാക്കട 60% സംഭാവന ചെയ്തു.

2020-2024 കാലയളവിലെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കാർബൺ ഉൽപാദനം പരിശോ

**ഭൂഗർഭജലവിതാനം ഉയർത്തുന്നതിൽ നിർണ്ണായകമായെന്ന് ശാസ്ത്രീയ പരിശോധനകളിലൂടെ തെളിയിക്കപ്പെട്ട 'ജലസമൃദ്ധി' പദ്ധതിയുടെ തുടർച്ചയിലാണ് 'കാർബൺ ന്യൂട്രൽ കാട്ടാക്കട' വിഭാവന ചെയ്യപ്പെട്ടത്.**



**പ്രാദേശിക ഭരണതലത്തിൽ കാർബൺ ന്യൂട്രൽ വികസനം സാധ്യമാണോ എന്നുള്ള പരീക്ഷണം കൂടിയാണ് കാർബൺ ന്യൂട്രൽ കാട്ടാക്കട. ഇതിന്റെ വിജയം സംസ്ഥാനത്തും, രാജ്യത്തെ ഇതര സംസ്ഥാനനങ്ങളിലും സമാന പദ്ധതികൾക്ക് പ്രചോദനമായി മാറും.**



ധിച്ചാൽ, മലയിൻകീഴ് (195277.24 tCO2e, 34.3%) ആണ് മുന്നിൽ. രണ്ടാമത് വിളപ്പിൽ (111065.49 tCO2e, 19.5%). കാട്ടാക്കട (102402.98 tCO2e, 17.9%), തുടർന്ന്, മാറനല്ലൂർ (69186.38 tCO2e, 12.2%), പള്ളിച്ചൽ (52483.55 tCO2e, 9.2%) എന്നിങ്ങനെയാണ് മറ്റ് പഞ്ചായത്തുകളുടെ സ്ഥാനം. വിളവൂർക്കൽ ആണ് (38859.2 tCO2e, 6.8%) ഏറ്റവും കുറഞ്ഞ കാർബൺ ബഹിർഗമനം രേഖപ്പെടുത്തിയ പഞ്ചായത്ത്. അധിക കാർബൺ ഉൽപ്പാദനത്തിലെ കുറവ് പരിശോധിച്ചാൽ, വിളവൂർക്കൽ (72.5%), പള്ളിച്ചൽ (59.09%), മാറനല്ലൂർ (27.5%), കാട്ടാക്കട (12.5%), വിളപ്പിൽ (12.7%), മലയിൻകീഴ് (4.8%) എന്നിങ്ങനെയാണ് പഞ്ചായത്തുകളുടെ സ്ഥാനം. സൗരോർജ്ജ പദ്ധതി നടപ്പിലാക്കിയത് ഈ നേട്ടത്തിൽ പ്രധാന ഘടകമായി.

കാർഷികമേഖലയിൽ ആണ് ഏറ്റവുമധികം കുറവ് (85.8%) രേഖപ്പെടുത്തിയത്. ഇത് വർദ്ധിച്ച തോട്ടവിള പ്രവർത്തനങ്ങളുടെ ഫലമാണ്. ഇത് സസ്യസമ്പത്ത് ശക്തിപ്പെടുത്തുകയും കാർബൺ ആഗിരണം വർധിപ്പിക്കുകയും ചെയ്തു. എന്നാൽ, ഗതാഗത മേഖലയിൽ കാർബൺ ബഹിർഗമനം അടിസ്ഥാന വർഷത്തേക്കാൾ വർധിക്കുകയാണുണ്ടായത്. പദ്ധതി പ്രദേശത്തെ ആറ് പഞ്ചായത്തുകളിലും കാർബൺ ആഗിരണം മെച്ചപ്പെട്ടതായി ഓഡിറ്റ് വ്യക്തമാക്കി. ഇതിൽ മാറനല്ലൂർ ഏറ്റവും മുന്നിലും കാട്ടാക്കടയും മലയിൻകീഴും രണ്ടും മൂന്നും സ്ഥാനങ്ങളിലുമാണ്. ഏറ്റവും വലിയ ശതമാന വർധനവ് കാണിച്ചത് കാട്ടാക്കട (221%) ആണ്. കൃഷിയിടങ്ങളിൽ നിന്നുള്ള കാർബൺ ആഗിരണം വർധിച്ചതും ജലസമൃദ്ധി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിജയവും ഇതിൽ കാണാം.

പ്രാദേശിക ഭരണതലത്തിൽ കാർബൺ ന്യൂട്രൽ വികസനം സാധ്യമാണോ എന്നുള്ള പരീക്ഷണം കൂടിയാണ് കാർബൺ ന്യൂട്രൽ കാട്ടാക്കട. ഇതിന്റെ വിജയം സംസ്ഥാനത്തും, രാജ്യത്തെ ഇതര സംസ്ഥാനങ്ങളിലും സമാന പദ്ധതികൾക്ക് പ്രചോദനമായി മാറും. സൗര പദ്ധതി (Soura Project), മാലിന്യമുക്തം കാട്ടാക്കട മുതലായ പദ്ധതികൾ കൂടുതൽ വ്യാപിപ്പിച്ചും, ഗതാഗതത്തിനായി വൈദ്യുത വാഹനങ്ങൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിച്ചും, മോട്ടോർ ഇതര വാഹന ഉപയോഗത്തിന്റെ ആരോഗ്യപരവും പാരിസ്ഥിതികവുമായ പ്രാധാന്യം പ്രചരിപ്പിച്ചും, ദീർഘകാല ലക്ഷ്യത്തോടെ, സുസ്ഥിര ഊർജ സ്രോതസുകളിലേക്കുള്ള മാറ്റം സാധ്യമാക്കിയും കാട്ടാക്കടയുടെ മാതൃക കൂടുതൽ തിളക്കമാർന്നതാക്കാനുള്ള ശ്രമത്തിലാണ് എം.എൽ.എ ഐ.ബി. സതീഷും അദ്ദേഹത്തിന്റെ സംഘവും.

# പ്രധാന സർക്കാർ ഉത്തരവുകൾ

| | |
|---|---|
| സ.ഉ(കൈ) നം. 91/2025/LSGD,<br>തീയതി 03.06.2025 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കു കീഴിൽ ഏറ്റെടുക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി വിനിയോഗിക്കുന്ന മെറ്റീരിയൽ ഘടകത്തിന്റെ അനുപാതം പുനർനിശ്ചയിച്ച ഉത്തരവ് ഭേദഗതി വരുത്തിയ ഉത്തരവ് |
| സ.ഉ(സാധാ) നം. 1403/2025/LSGD,<br>തീയതി 05.06.2025 | വിജ്ഞാനകേരളം ജനകീയ കാമ്പെയിൻ – മെഗാ ജോബ് ഫെയർ ഉൾപ്പെടെയുള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മലപ്പുറം ജില്ലയിൽ ഒഴികെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇന്റേൺമാരെ നിയമിക്കുന്നതിന് അനുമതി നൽകിയ ഉത്തരവ് |
| സ.ഉ(സാധാ) നം. 1455/2025/LSGD,<br>തീയതി 12.06.2025 | പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്ന വ്യക്തികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പാരിതോഷിക തുകയുടെ പരിധി ഒഴിവാക്കിയ ഉത്തരവ് |
| സ.ഉ(കൈ) നം. 102/2025/LSGD,<br>തീയതി 18.06.2025 | 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 156–ാം വകുപ്പ് 4–ാം ഉപവകുപ്പ് (സി) പ്രകാരം പഞ്ചായത്ത് പ്രസിഡന്റിന് ചെലവാക്കാവുന്ന കണ്ടിജന്റ് ചെലവുകളുടെ പരിധി വർദ്ധിപ്പിച്ച ഉത്തരവ് |
| സ.ഉ(സാധാ) നം. 1550/2025/LSGD,<br>തീയതി 23.06.2025 | പ്രാദേശിക തലത്തിൽ ജൈവ വൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിനും ജൈവ വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജൈവ വൈവിധ്യ പരിപാലന സമിതി (BMC) കളിലെ അംഗങ്ങൾക്ക് സിറ്റിങ്ങ് ഫീ അനുവദിക്കുന്നതിന് അനുമതി നൽകിയ ഉത്തരവ് |
| സ.ഉ(സാധാ) നം. 1592/2025/LSGD,<br>തീയതി 26.06.2025 | നിലത്തെഴുത്ത് ആശാന്മാർക്കും ആശാട്ടിമാർക്കും (കുടിപ്പള്ളിക്കൂടം) നൽകിവരുന്ന പ്രതിമാസ ഗ്രാന്റ് രണ്ടായിരം രൂപയായി വർദ്ധിപ്പിച്ച ഉത്തരവ് |

# കമ്മ്യൂണിറ്റി ബേസ്ഡ് ഇന്റർവെൻഷൻ സെന്റർ – ഒരു പൊന്നാനി മാതൃക

പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് ആരംഭിച്ച കമ്മ്യൂണിറ്റി ബേസ്ഡ് ഇന്റർവെൻഷൻ സെന്ററിന്റെ പ്രവർത്തനം ശ്രദ്ധ നേടുന്നു. നാഷണൽ ഹെൽത്ത് മിഷന്റെ സഹായത്തോടെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എടപ്പാൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആരംഭിച്ച സി.ബി.ഐ.സി. 10 വയസ്സ് വരെ പ്രായമുള്ള ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സേവനങ്ങൾ നൽകാനാണ് ലക്ഷ്യമിട്ടത്. നാല് ഗ്രാമപഞ്ചായത്തുകളും ഈ പദ്ധതിക്ക് വിഹിതം വകയിരുത്തി. 2023-24 ൽ 27 ലക്ഷം രൂപയും 2024-25 ൽ 33 ലക്ഷം രൂപയും സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചു. നടപ്പു സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ 500ലധികം കുട്ടികൾക്ക് ഈ സെന്റർ വഴി സേവനങ്ങൾ ലഭിച്ചുവരുന്നു.

മറ്റ് ജില്ലകളിൽ നിന്നുപോലും ആളുകൾ തങ്ങളുടെ കുട്ടികളുമായി എത്തുന്ന നിലയിലേക്ക് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ട്.




സൈക്കോളജിസ്റ്റ്, സ്പീച് ലാംഗ്വേജ് തെറാപ്പിസ്റ്റ്, സ്പെഷ്യൽ എജുക്കേറ്റർ, ഫിസിയോതെറാപ്പിസ്റ്റ്, ഒക്കുപേഷണൽ തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ഇവിടെ ലഭ്യമാണ്. സ്പീച്ച് ലാംഗ്വേജ് തെറാപ്പി സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് 2024 ഡിസംബറിൽ പീഡിയാട്രിക് ഓഡിയോളജി വിഭാഗവും ആരംഭിച്ചു. സംസ്ഥാന കായിക വകുപ്പ് മന്ത്രി ശ്രീ വി.അബ്ദുറഹ്മാൻ ആണ് പീഡിയാട്രിക് ഓഡിയോളജി വിഭാഗത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത്.

# വിദ്യാർഥികൾക്ക് 'മണ്ണറിവു'മായി ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്

വിദ്യാർഥികളിൽ കാർഷിക അവബോധം വളർത്താൻ ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന്റെ 'മണ്ണറിവ്' പദ്ധതി. കൃഷിയിൽ താൽപര്യം വളർത്തുക, കാർഷിക സംസ്കാരം ഉണർത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ഫാം ക്ലബ് രൂപീകരിക്കും. ക്ലബ്ബംഗങ്ങളെ ഉൾപ്പെടുത്തി കൃഷിയിടങ്ങളിലേയ്ക്ക് പഠനയാത്ര നടത്തും. 2025-26 ജനകീയാസൂത്രണ പദ്ധതിയായ 'പോഷകത്തോട്ടം' പ്രകാരം പഞ്ചായത്തിലെ ഒമ്പത് സ്കൂളുകളിൽ ഗ്രോബാഗ് പച്ചക്കറി തൈ, പൂവാളി, കളമാന്തി, ജൈവ വളം, മത്തിക്കഷായം, ജൈവകീടനാശിനി, മുരിങ്ങ/അഗത്തി തൈ എന്നിവയടങ്ങിയ കിറ്റ് വിതരണം ചെയ്യും. സമ്പൂർണ്ണ പച്ചക്കറി യജ്ഞം പദ്ധതിയുടെ ഭാഗമായി സ്ഥാപനകൃഷിക്കായി ഓതറ ഡിവിഎൻഎസ്എസ് ഹൈസ്കൂളിന് 50000 രൂപയും കൃഷിവകുപ്പിന്റെ സ്കൂളിലെ പോഷകത്തോട്ടം പദ്ധതിയിൽ കോഴിമല സെന്റ് മേരീസ് യുപിഎസിന് 30000 രൂപയും ധനസഹായം നൽകും.

ജയപ്രകാശ് ഭാസ്കരൻ



# അതിദാരിദ്ര്യ നിർമാർജ്ജനം അനുഭവങ്ങൾ

ഏറ്റവും തിരസ്കൃതരായ മനുഷ്യരെ കണ്ടെത്താനും അവർക്ക് വേണ്ടുന്നതെല്ലാം സാധ്യമാക്കാനും സർക്കാർ ആവശ്യപ്പെടുന്ന അപൂർവ അനുഭവമാണ് അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി വികസന പ്രവർത്തകർക്ക് സമ്മാനിച്ചത്. ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾ എങ്ങനെ വ്യവസ്ഥാപിതമായി നിർവഹിക്കാം എന്ന് സർക്കാർ മാർഗ്ഗരേഖകളിൽ വ്യക്തമാക്കിയിരിക്കേ, അതിദാരിദ്ര്യ നിർമാർജന പദ്ധതി, ഉള്ളടക്കം കൊണ്ടും സമീപനം കൊണ്ടും, അതിൽനിന്ന് വേറിട്ടു നിൽക്കുന്നു.

കൂലിവേലയിൽ നിന്ന് കിട്ടുന്ന വരുമാനം കൊണ്ട് നിത്യവൃത്തി നടന്നു പോകുമെങ്കിലും വാസയോഗ്യമായ വീട് നിർമിക്കാനോ ചോർന്നൊലിക്കുന്ന വീട് നന്നാക്കാനോ കഴിയാതിരിക്കുക, സുരക്ഷിതമായ വീട് ഉണ്ടെങ്കിലും വരുമാനം ഇല്ലാത്തതിനാൽ അതിജീവന ആവശ്യങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുക, നിത്യരോഗികളായ കുടുംബാംഗങ്ങളുടെ ചികിത്സയ്ക്ക് പണം കണ്ടെത്താൻ കഴിയാതിരിക്കുക എന്നിങ്ങനെ ദാരിദ്ര്യത്തിന് നിദാനമായ സാഹചര്യം ഒന്ന് മറ്റൊന്നിൽ നിന്ന് വ്യത്യസ്തമായിരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ഉപയോഗപ്പെടുത്തിയും മറ്റ് സർക്കാർ സ്കീമുകളുടെ ഭാഗമായ സഹായങ്ങൾ സ്വീകരിച്ചും സ്വന്തമായ അതിജീവന മാർഗങ്ങൾ കണ്ടെത്തിയും തങ്ങളുടെ ദരിദ്രാവസ്ഥ മറികടക്കാൻ ഇവർ ശ്രമിക്കും. ഇവരിൽ നിന്ന് വ്യത്യസ്തമായി, അനാരോഗ്യം നിമിത്തം ജോലി ചെയ്യാൻ കഴിയാത്തവർ മാത്രം ഉൾപ്പെട്ടതോ കിടപ്പുരോഗികളും അവരെ സംരക്ഷിക്കേണ്ടതിനാൽ ജോലിക്ക് പോകാൻ കഴിയാത്തവരും മാത്രം അംഗങ്ങളായുള്ളതോ, ആവശ്യമായ രേഖകൾ ഇല്ലാത്തതിനാൽ സർക്കാർ പദ്ധതികളുടെ സഹായം ലഭിക്കാതെ പോകുന്നതോ ആയ നിത്യവൃത്തിക്ക് നിവൃത്തിയില്ലാത്ത കുടുംബങ്ങൾക്കാണ് അതിദാരിദ്ര്യ നിർമാർജന പദ്ധതിയിൽ സഹായം ലഭിക്കുന്നത്. എണ്ണത്തിൽ കുറവാണെങ്കിലും ഈ വിഭാഗം പ്രത്യേക പരിഗണന അർഹിക്കുന്നു എന്ന ഉൾക്കൊള്ളലിന്റെ കാഴ്ചപ്പാടാണ് അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയെ വ്യത്യസ്തമാക്കുന്നത്.

അതിദാരിദ്ര്യ നിർമ്മാർജ്ജനം സംബന്ധിച്ച വേറിട്ട സർക്കാർ സമീപനം വിപുലമായ പരിശീലന പരിപാടികളിലൂടെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും അടങ്ങുന്ന വികസന പ്രവർത്തകർക്കിടയിൽ എത്തിച്ചു. മുഴുവൻ സർക്കാർ സംവിധാനങ്ങളെയും ഈ ലക്ഷ്യത്തോടെ ഏകോപിപ്പിച്ചു. അതിദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയ പ്രത്യേക ആപ്പിന്റെ സഹായത്തോടെയാണ് നടത്തിയത്. ഓരോ വാർഡിലും പ്രത്യേക സമിതികളും ഫോക്കസ് ഗ്രൂപ്പുകളും രൂപീകരിച്ചു. പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകർ അതിദരിദ്ര കുടുംബങ്ങൾ സന്ദർശിച്ച്

മൊബൈൽ ആപ്പിലൂടെ സർവ്വേ പൂർത്തീകരിച്ചു. ബ്ലോക്ക് തല ഉദ്യോഗസ്ഥരുടെ പുന:പരിശോധനയ്ക്ക് ശേഷം പട്ടിക അന്തിമമാക്കി. ഈ കുടുംബങ്ങൾക്ക് വേണ്ടി എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് ഫോക്കസ് ഗ്രൂപ്പുകൾ കൂടിയാലോചിച്ച് ഓരോ കുടുംബത്തിനും പ്രത്യേക മൈക്രോ-പ്ലാൻ തയ്യാറാക്കി. ഈ ഘട്ടങ്ങളിൽ പരിശീലകനായും പരിശോധകനായും പ്രവർത്തിച്ചതിന്റെ അനുഭവമാണ് ഈ കുറിപ്പിൽ പങ്കുവയ്ക്കുന്നത്.

അർഹരായവരെ കണ്ടെത്തുന്നതിന് ജനപ്രതിനിധികളെ പ്രാപ്തരാക്കുക എന്നുള്ളതായിരുന്നു പരിശീലന ഘട്ടത്തിലെ ഏറ്റവും വലിയ വെല്ലുവിളി. തന്റെ വാർഡിൽ നിന്ന് കൂടുതൽ പേരെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്ന അവസ്ഥയിൽ നിന്ന് തന്റെ വാർഡിൽ അതിദാരിദ്ര്യം അനുഭവിക്കുന്ന ഒരാൾ പോലും ഇല്ലെങ്കിൽ അത് അഭിമാനത്തോടെ പറയുന്ന നിലയിലേക്ക് പലരെയും എത്തിക്കാൻ നീണ്ട സെഷനുകൾ വേണ്ടിവന്നു. അതിദാരിദ്ര്യത്തിന്റെ സൂക്ഷ്മതലങ്ങൾ ബോധ്യപ്പെടുത്തുക എന്നുള്ളതായിരുന്നു ഉദ്യോഗസ്ഥർക്കുള്ള പരിശീലനത്തിലെ ഏറ്റവും വലിയ വെല്ലുവിളി. സാമ്പ്രദായിക ശീലങ്ങളിൽ അടിയുറച്ച പ്രവർത്തന ശൈലി ഈ പദ്ധതിയുടെ രീതികൾ ഉൾക്കൊള്ളാൻ പലർക്കും തടസ്സമായി. മുൻ പദ്ധതികളിൽ നിന്ന് വ്യത്യസ്തമായി, അലഞ്ഞു തിരിയുന്ന മനുഷ്യരും ഒരു പ്രദേശത്ത് സ്ഥിരമായി കടത്തിണ്ണകളിൽ അന്തിയുറങ്ങുന്നവരും അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ടു.

അടിയന്തര, ഇടക്കാല, ദീർഘകാലപരിചരണത്തെ മൂന്ന് നിർവ്വഹണ ഘട്ടങ്ങളായി തിരിച്ചാണ് മൈക്രോപ്ലാൻ തയ്യാറാക്കിയത്. സുകുമാരൻ എന്ന ഗുണഭോക്താവ് ഈ പദ്ധതിയിലൂടെ അന്തസ്സുറ്റ ജീവിതത്തിലേക്ക് കരകയറിയ ആയിരങ്ങളിൽ ഒരാളാണ്. ഇരുകാലുകളും മുറിച്ചുമാറ്റപ്പെട്ട സുകുമാരൻ പത്താം ക്ലാസുകാരനായ മകനോടൊപ്പം ഒരു സന്നദ്ധ സംഘടന ഏർപ്പാടാക്കി നൽകിയ ഒറ്റമുറിയിലാണ് കഴിഞ്ഞിരുന്നത്. രാവിലെ ലഭിക്കുന്ന ബ്രഡ് മൂന്നുനേരവും കഴിക്കുകയല്ലാതെ അവർക്ക് മാർഗ്ഗമില്ലായിരുന്നു. ചിലപ്പോൾ വിലകുറഞ്ഞ ചപ്പാത്തി വാങ്ങി അത്യാവശ്യത്തിന് മാത്രം കഴിച്ച് ബാക്കി അടുത്ത നേരത്തേക്ക് കരുതി വയ്ക്കും.

മുൻപ് ഗൾഫിൽ പണിയെടുത്തിരുന്ന സുകുമാരൻ നാട്ടിൽ തിരിച്ചെത്തിയതിനു ശേഷം പത്രവിതരണക്കാരനായും പ്രവർത്തിച്ചു. പ്രമേഹം മൂർച്ഛിച്ചു വിരലുകൾ മുറിച്ചു മാറ്റേണ്ടി വന്നതോടെ ജോലിക്ക് പോകാനാവാത്ത അവസ്ഥയിലായി. മിശ്രവിവാഹിതരായതിനാൽ, ബന്ധുക്കളുടെ പിന്തുണയും വേണ്ടത്ര ലഭിച്ചില്ല. കൂട്ട ആത്മഹത്യയുടെ വക്കിൽ എത്തിയപ്പോൾ, പലതരം രോഗപീഡകൾ നേരിട്ടിരുന്ന ഭാര്യയെ അവരുടെ കുടുംബ വീട്ടിലേക്ക് മടക്കി അയച്ച് മകനോടൊപ്പം ഒറ്റ മുറിയിൽ അയാൾ താമസമാക്കി. സ്കൂളിൽ നിന്നും മടങ്ങിയെത്തിയ മകൻ ഒരു പൂക്കടയിൽ മാല കെട്ടുന്ന പണിക്ക് പോയി കിട്ടുന്നതിൽ നിന്ന് അവർ അന്നന്നത്തെ ആഹാരത്തിനും പഠന ആവശ്യങ്ങൾക്കുമുള്ള വക കണ്ടെത്തി. രോഗം മൂർച്ഛിക്കുന്നത് എപ്പോഴെന്ന് അറിയാൻ കഴിയാത്ത സാഹചര്യത്തിൽ കൂട്ടുകാരോടൊത്ത് കളിക്കാൻ പോലും സമയം മാറ്റിവയ്ക്കാതെ മകൻ അയാളെ സദാസമയവും പരിചരിച്ചു.

ഭൂമിയും വീടും ഒപ്പം ചികിത്സയും, മകന് പഠന ധനസഹായവും ഉറപ്പാക്കിയ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഈ കുടുംബത്തെ അന്തസ്സുറ്റ ജീവിതത്തിലേക്ക് കൈപിടിച്ചു കയറ്റി. പത്താം ക്ലാസിലും പ്ലസ് ടുവിനും മകൻ മികച്ച വിജയം നേടി. മടങ്ങി വന്ന അമ്മയ്ക്ക് ഒരു തയ്യൽ മെഷീൻ ലഭിച്ചു. എല്ലാം അവസാനിക്കുമെന്ന തോന്നലിൽ നിന്ന് ജീവിതം അവർ തിരിച്ചുപിടിച്ചു. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ 64,006 ഗുണഭോക്താക്കളിൽ മറ്റു പലരെയും പോലെ, എവിടെയും അപേക്ഷ നൽകാതെ, ആരുടെയും ദയയ്ക്ക് കാത്തു നിൽക്കാതെ! (പേര് സാങ്കല്പികം)

(തദ്ദേശസ്വയംഭരണ വകുപ്പിൽ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയാണ് ലേഖകൻ)



**ഗോപകുമാർ എം**
സീനിയർ സൂപ്രണ്ട്,
LSGD പ്രിൻസിപ്പൽ ഡയറക്ടറേറ്റ്



# സംവരണ സ്ഥാനങ്ങൾ നിശ്ചയിക്കൽ

“I would boycott that legislature which will not have a proper share of women members”. - Mahatma Gandhi

പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നിശ്ചിത എണ്ണം സ്ഥാനങ്ങൾ പട്ടികജാതി /പട്ടികവർഗ്ഗക്കാർക്ക് സംവരണം ചെയ്യണമെന്ന് 73, 74 ഭരണഘടനാ ഭേദഗതി നിയമങ്ങൾ വ്യവസ്ഥ ചെയ്യുന്നു. ഭരണഘടനയുടെ അനുച്ഛേദം 243 ഡി, 243 ടി എന്നിവയിലാണ് ഇതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ജനസംഖ്യക്ക് അനുപാതികമായാണ് സംവരണ സ്ഥാനങ്ങൾ നിശ്ചയിക്കുന്നത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 7,8,9 വകുപ്പുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി, പട്ടികവർഗ്ഗ സംവരണ സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകളുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടറുടെ 6/9/2024ലെ LSGD/PD/24269/ 2024/EER, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10/09/2024 ലെ ജി. ഒ (പി) നം. 49/2024 നമ്പർ ഉത്തരവുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആകെ തിരഞ്ഞെടുക്കേണ്ട സ്ഥാനങ്ങൾ, സംവരണ സ്ഥാനങ്ങൾ എന്നിവ നിശ്ചയിച്ച് വിജ്ഞാപനം ചെയ്തു. ആകെ സ്ഥാനങ്ങളുടെ മൂന്നിലൊന്ന് സ്ത്രീകൾക്കായി സംവരണം ചെയ്യണം. പട്ടികജാതി, പട്ടികവർഗ്ഗ സംവരണ സ്ഥാനങ്ങളുടെ മൂന്നിലൊന്ന് ആ വിഭാഗത്തിലെ സ്ത്രീകൾക്കാണ്. അതിനുള്ള വ്യവസ്ഥകൾ 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 7,8,9 വകുപ്പുകൾ, കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 6 എന്നിവയിൽ ഉൾപ്പെടുത്തി. പിന്നീട് 2009ൽ മൂന്നിൽ ഒന്ന് സംവരണം എന്നത് 50 ശതമാനമാക്കി. പട്ടികജാതി പട്ടികവർഗ്ഗ സംവരണ സ്ഥാനം ഒരെണ്ണം മാത്രമാണെങ്കിൽ സ്ത്രീ സംവരണമില്ല. സ്ത്രീകൾക്ക്

സംവരണം ചെയ്ത 50% സ്ഥാനങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ സ്ത്രീകൾക്കാണ്. പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ കുറവാണെങ്കിൽ അതിൽ കൂടുതൽ ജനസംഖ്യയുള്ള വിഭാഗത്തിന് ഒരു സ്ഥാനം സംവരണം ചെയ്യണം. ആവർത്തന ക്രമം പാലിച്ചാണ് സംവരണസ്ഥാനങ്ങൾ നിശ്ചയിക്കുന്നത്.

ഓരോ തദ്ദേശ സ്ഥാപനത്തിലെയും നിശ്ചയിച്ച എണ്ണം സംവരണ വാർഡുകൾ / നിയോജകമണ്ഡലങ്ങൾ കണ്ടെത്തുന്നത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനാണ്. ഗ്രാമ,ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ജില്ലാ കളക്ടർമാർ, മുനിസിപ്പൽ കൗൺസിലുകൾക്ക് ജില്ലയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടർമാർ, മുനിസിപ്പൽ കോർപ്പറേഷന്റെ കാര്യത്തിൽ തദ്ദേശ സ്വയംഭരണ (അർബൻ) ഡയറക്ടർ എന്നിവരെ കമ്മീഷൻ ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നു. തുടർച്ചയായി രണ്ടുതവണ സംവരണം ചെയ്ത മണ്ഡലം ഒഴിവാക്കി നറുക്കെടുപ്പ് നടത്തിയാണ് ഓരോ തവണയും സംവരണ മണ്ഡലങ്ങൾ നിശ്ചയിക്കുന്നത്.

## സംവരണസ്ഥാനങ്ങൾ:

1) ആകെ അംഗസംഖ്യയുടെ 50 ശതമാനം സ്ത്രീ സംവരണം (പട്ടികജാതി /പട്ടികവർഗം ഉൾപ്പെടെ)
2) പട്ടികജാതി/പട്ടികവർഗ്ഗ സംവരണം - ജന സംഖ്യാനുപാതികമായി
3) പട്ടികജാതി/പട്ടികവർഗ്ഗ സ്ത്രീ - ആകെ പട്ടികജാതി/പട്ടികവർഗ്ഗ സംവരണസ്ഥാനങ്ങളുടെ 50 ശതമാനം (സംവരണം ഒന്നേയുള്ളൂ എങ്കിൽ സ്ത്രീസംവരണമില്ല)

കേരള സർക്കാരിന്റ 14/6/2024ലെ GO(P) 36/2024/LSGD സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളുടെ നിയോജക മണ്ഡല /വാർഡ് അതിർത്തി

**പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നിശ്ചിത എണ്ണം സ്ഥാനങ്ങൾ പട്ടികജാതി /പട്ടികവർഗ്ഗക്കാർക്ക് സംവരണം ചെയ്യണമെന്ന് 73, 74 ഭരണഘടനാ ഭേദഗതി നിയമങ്ങൾ വ്യവസ്ഥ ചെയ്യുന്നു. ഭരണഘടനയുടെ അനുഛേദം 243 ഡി, 243 ടി എന്നിവയിലാണ് ഇതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്നത്.**

പുനർനിശ്ചയിക്കുന്നതിന് ഡിലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചു. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ ചെയർമാനും സംസ്ഥാന സർക്കാരിലെ സെക്രട്ടറിമാരായ ഡോക്ടർ രത്തൻ യു ഖേൽക്കർ ഐഎഎസ്, കെ ബിജു ഐഎഎസ്, എസ്. ഹരികിഷോർ ഐഎഎസ്, ഡോക്ടർ കെ വാസുകി ഐഎഎസ് എന്നിവർ അംഗങ്ങളും എൽഎസ്ജിഡി ജോ. ഡയറക്ടർ ജോസ്നമോൾ സെക്രട്ടറിയുമായാണ് കമ്മീഷൻ രൂപീകരിച്ചത്. 2011 സെൻസസ് ആധാരമാക്കിയാണ് ഡിലിമിറ്റേഷൻ. ചെർപ്പുളശ്ശേരി



**ജനസംഖ്യക്ക് അനുപാതികമായാണ് സംവരണ സ്ഥാനങ്ങൾ നിശ്ചയിക്കുന്നത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 7,8,9 വകുപ്പുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി, പട്ടികവർഗ്ഗ സംവരണ സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകളുണ്ട്.**

മുനിസിപ്പാലിറ്റി തൃക്കടേരി ഗ്രാമപഞ്ചായത്ത് എന്നിവ ഒഴികെയുള്ള 1198 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഡിലിമിറ്റേഷൻ ബാധകമാക്കി. നിലവിലുള്ള സംവരണ നിയോജക മണ്ഡലത്തിന്റെ 50%ത്തിൽ കൂടുതൽ ജനസംഖ്യ ഉൾക്കൊള്ളുന്ന പുതിയ മണ്ഡലം സംവരണ നിയോജക മണ്ഡലമാകും.

## അധ്യക്ഷ സ്ഥാനത്തേക്കുള്ള സംവരണം

പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും അധ്യക്ഷസ്ഥാനങ്ങൾ ജനസംഖ്യാനുപാതികമായി പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ചെയ്യുന്നു. ഇതിൽ 50% പട്ടികജാതി /പട്ടികവർഗ്ഗ സ്ത്രീകൾക്കാണ്. ആകെയുള്ള അധ്യക്ഷസ്ഥാനങ്ങളിൽ 50% സ്ത്രീകൾക്കായി (പട്ടികജാതി പട്ടികവർഗം ഉൾപ്പെടെ) സംവരണം ചെയ്യും. സംസ്ഥാനത്തെ 1200 തദ്ദേശസ്ഥാപനങ്ങളിൽ അധ്യക്ഷസ്ഥാനങ്ങൾ സംവരണം ചെയ്യേണ്ടവയുടെ എണ്ണം സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്

1) ആകെയുള്ള 941 ഗ്രാമപഞ്ചായത്തുകളിൽ 417 അധ്യക്ഷസ്ഥാനം സ്ത്രീകൾക്കും 46 എണ്ണം പട്ടികജാതി സ്ത്രീകൾക്കും 8 എണ്ണം പട്ടികവർഗ്ഗ സ്ത്രീകൾക്കും
2) 152 ബ്ലോക്ക് പഞ്ചായത്തുകളിൽ സ്ത്രീ 67, പട്ടികജാതി സ്ത്രീ 8, പട്ടികജാതി 7, പട്ടികവർഗ്ഗ സ്ത്രീ 2 , പട്ടികവർഗം 1.
3) 14 ജില്ലാ പഞ്ചായത്തുകളിൽ സ്ത്രീ 7, പട്ടികജാതി ഒന്ന്
4) 87 മുനിസിപ്പാലിറ്റികളിൽ സ്ത്രീ 41, പട്ടികജാതി 3, പട്ടികജാതി സ്ത്രീ 3, പട്ടികവർഗ്ഗം 1
5) 6 മുനിസിപ്പൽ കോർപ്പറേഷനുകളിൽ 3 അധ്യക്ഷ സ്ഥാനങ്ങൾ സ്ത്രീ സംവരണമാണ്. അധ്യക്ഷ സ്ഥാനം സ്ത്രീകൾക്ക് സംവരണം ചെയ്ത ഇടങ്ങളിൽ ഉപാധ്യക്ഷ സ്ഥാനത്തിന് സംവരണമില്ല. അധ്യക്ഷസ്ഥാനത്തിന് സംവരണമില്ലെങ്കിൽ ഉപാധ്യക്ഷസ്ഥാനങ്ങൾ സംവരണം ചെയ്യണം

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 162, മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 21 എന്നിവ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷ സ്ഥാനത്തേക്കുള്ള സംവരണം വ്യവസ്ഥ ചെയ്യുന്നു. സ്റ്റാൻഡിങ് കമ്മിറ്റികളിലേക്കുള്ള തിരഞ്ഞെടുപ്പിൽ പട്ടികജാതി /പട്ടികവർഗ്ഗ സംവരണം ഇല്ല

വൈസ് പ്രസിഡണ്ട് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ഒഴികെ ഒരു സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷ സ്ഥാനം സ്ത്രീകൾക്ക് സംവരണം ചെയ്യും. വൈസ് പ്രസിഡണ്ട് സ്ഥാനം സംവരണം ചെയ്തിട്ടില്ലെങ്കിൽ മറ്റു രണ്ട് സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷസ്ഥാനങ്ങളാണ് സംവരണം ചെയ്യുക.

ജില്ലാ പഞ്ചായത്തുകളിൽ / മുനിസിപ്പാലിറ്റികളിൽ ഉപാധ്യക്ഷ സ്ഥാനം സംവരണം ചെയ്തിട്ടുണ്ടെങ്കിൽ, ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ഒഴികെ രണ്ട് സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷ സ്ഥാനം സ്ത്രീകൾക്ക് സംവരണം ചെയ്യും. മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഉപാധ്യക്ഷ സ്ഥാനം സംവരണം ചെയ്തിട്ടുണ്ടെങ്കിൽ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ഒഴികെയുള്ള മൂന്ന് സ്റ്റാൻഡിങ് കമ്മിറ്റികളിലെ അധ്യക്ഷ സ്ഥാനമാണ് സ്ത്രീകൾക്ക് സംവരണം ചെയ്യുക. ഉപാധ്യക്ഷ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലെങ്കിൽ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ഒഴികെയുള്ള നാല് സ്റ്റാൻഡിങ് കമ്മിറ്റികളിലെ അധ്യക്ഷസ്ഥാനം സ്ത്രീകൾക്ക് സംവരണം ചെയ്യണം.

ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് ജില്ലാ കളക്ടർമാർ, മുനിസിപ്പൽ കൗൺസിലുകൾക്ക് ജില്ലാ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, മുനിസിപ്പൽ കോർപ്പറേഷന്റെ കാര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) ഡയറക്ടർ എന്നിവരെയാണ് സംവരണ നിയോജകമണ്ഡലങ്ങൾ നിശ്ചയിക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തിയിരിക്കുന്നത്.

കേരള മോഡൽ

keralacare
Govt. of Kerala Initiative

കേരള സർക്കാർ

LSGD

NATIONAL HEALTH MISSION

ആർദ്രം



# സാന്ത്വന പരിചരണത്തിന്റെ കേരള മോഡൽ

**സാർവത്രിക പാലിയേറ്റിവ് കെയർ**

**സംസ്ഥാനതല ഉദ്ഘാടനം**

**ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി)**

**ജൂൺ 28 , 2025 വൈകിട്ട് 4 മണി**
**രാജഗിരി പബ്ലിക് സ്കൂൾ**
**ഓഡിറ്റോറിയം, കളമശ്ശേരി**





THADDESAKAM (MONTHLY) JUNE 2025
₹30 Annual Subscription ₹300, Published on June 2025

RNI. No: KERML/2023/89208
Press Registrar General of India Dated 16/10/2024

9446700800

മാലിന്യം
വലിച്ചെറിയുന്നത്
തെളിവുകളോടെ
റിപ്പോർട്ട് ചെയ്യൂ...



ചുമത്തുന്ന
പിഴയുടെ
നാലിലൊന്ന്
പാരിതോഷികം

പരമാവധി 2500 രൂപ
എന്ന നിബന്ധന
ഒഴിവാക്കി

M.B Rajesh
MINISTER FOR LSGD&EXCISE&
PARLIAMENTARY AFFAIRS

Printed & published and Owned by Dr. Chithra S. I A S, Principal Director, Directorate of Local Self Government Department of Kerala, Printed at Gramalekshmi Mudralayam, Kalliyoor, Thiruvananthapuram
Published from Principal Directorate, Swaraj Bhavan, Nandancode, Kowdiar P.O., Thiruvananthapuram, Kerala 695 003,
Editor: Deepa K.